28
2025
മാർച്ച്
വെള്ളി
മീനം 14

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www.nauticaltimesmedia.com | Volume-6, Issue No.109 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-109 | പേജ് 4. വില 2.00 രൂപ




02 വാളയാർ കേസിലെ കുറ്റവാളി ആരെന്ന് നാട്ടുകാരോട് ചോദിച്ചാൽ പറഞ്ഞുതരും

03 വയനാട് ഉരുൾപൊട്ടൽ: ദുരന്ത ബാധിതരുടെ വായ്പകൾ എഴുതിത്തള്ളില്ല

04 സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പുവരുത്തും : മന്ത്രി

# എമ്പുരാനെ ഹൃദയങ്ങളിൽ കുടിയിരുത്തി ആരാധകർ

മലയാളം കണ്ടതിൽ വച്ച് ഏറ്റവും വലിയ ബ്രഫാണ്ഡ റിലീസിനാണ് സിനിമാ പ്രേമികൾ സാക്ഷ്യം വഹിച്ചത്. ലോകം മുഴുവനുമുള്ള സിനിമാ പ്രേമികൾ അത്യധികം ആകാംക്ഷയോടെ കാത്തിരുന്ന ചിത്രം പ്രേക്ഷകസ്വീകാര്യതയിലും ആഗോള കലക്ഷനിലും ചരിത്രം സൃഷ്ടിക്കുമെന്നാണ് വിലയിരുത്തൽ. അഡ്വാൻസ് ബുക്കിങ്ങിലൂടെ ആദ്യ ദിനം തന്നെ 'എമ്പുരാൻ' 50 കോടി ക്ലബ്ബിലെത്തിയിരുന്നു. ഇതാദ്യമായാണ് ഒരു മലയാള ചിത്രം ഈ നേട്ടം സ്വന്തമാക്കുന്നത്.

കേരളത്തിൽ മാത്രം 750 സ്ക്രീനുകളിലാണ് 'എമ്പുരാൻ' പ്രദർശിപ്പിക്കുന്നത്. 2019 ൽ റിലീസ് ചെയ്ത ബ്ലോക്ക്ബസ്റ്റർ ചിത്രം ലൂസിഫറിന്റെ രണ്ടാം ഭാഗമായി എത്തുന്ന സിനിമയ്ക്ക് മുരളി ഗോപി തിരക്കഥ രചിച്ചിരിക്കുന്നു. മൂന്നു ഭാഗങ്ങളായി കഥ പറയുന്ന ഒരു സിനിമാ സീരിസിന്റെ രണ്ടാം ഭാഗമാണ് എമ്പുരാൻ.

ആശിർവാദ് സിനിമാസ്, ലൈക്ക പ്രൊഡക്ഷൻസ്, ശ്രീ ഗോകുലം മൂവീസ് എന്നിവയുടെ ബാനറിൽ ആന്റണി പെരുമ്പാവൂർ, സുഭാസ്കരൻ, ഗോകുലം ഗോപാലൻ എന്നിവർ ചേർന്നാണ് 'എമ്പുരാൻ' നിർമിച്ചിരിക്കുന്നത്. 'എമ്പുരാൻ' സിനിമ കർണാടകയിൽ വിതരണത്തിനെത്തിക്കുന്നത് പ്രശസ്ത നിർമാണക്കമ്പനിയായ ഹോംബാലെ ഫിലിംസ് ആണ്.

നോർത്ത് ഇന്ത്യയിൽ ചിത്രം വിതരണത്തിനെടുത്തിരിക്കുന്നത് അനിൽ തദാനിയുടെ ഉടമസ്ഥതയിലുള്ള എഎ ഫിലിംസും.



# വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി വയബിലിറ്റി ഗ്യാപ് ഫണ്ട് സ്വീകരിക്കും

തിരുവനന്തപുരം: കേന്ദ്രസർക്കാർ ഒട്ടേറെ നിബന്ധനയോടെ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്കായി അനുവദിക്കുന്ന വയബിലിറ്റി ഗ്യാപ് ഫണ്ട് (വിജിഎഫ്) സ്വീകരിക്കാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു.



വിഴിഞ്ഞം തുറമുഖത്തിൻറെ വരുമാനം കേന്ദ്രത്തിനും പങ്കുവയ്ക്കണമെന്നതടക്കമുള്ള വയബിലിറ്റി ഫണ്ട് ഗ്യാപ് നിബന്ധന അംഗീകരിച്ചുകൊണ്ട് കേന്ദ്രസർക്കാർ വിഹിതമായ 817.80 കോടി രൂപ സ്വീകരിക്കാനാണു തീരുമാനം.

ഏറെ എതിർപ്പുകൾക്കൊടുവിൽ വയബിലിറ്റി ഫണ്ട് ഗ്യാപ് സ്വീകരിക്കാൻ കേരളം തീരുമാനിച്ച വിവരം കേന്ദ്രത്തെ അറിയിക്കുന്നതോടെ നടപടിക്രമങ്ങൾ എളുപ്പമാകും.

നിബന്ധനകൾ പ്രകാരമുള്ള കേന്ദ്ര വിജിഎഫ് ഒഴിവാക്കി കേന്ദ്രത്തിൻറെതന്നെ കാപ്പക്സ് വായ്പയിലൂടെ തുക കണ്ടെത്താമെന്നായിരുന്നു ധനമന്ത്രിയുടെ നിർദേശം. കാപ്പക്സ് വായ്പയുടെ പലിശ 50 വർഷത്തിനു ശേഷം അടച്ചാൽ മതിയാകും.

തുറമുഖത്തുനിന്നു സംസ്ഥാനത്തിനു ലഭിക്കുന്ന വരുമാനത്തിൻറെ 20% കേന്ദ്രവുമായി പങ്കുവയ്ക്കണമെന്നാണു വിജിഎഫ് നിബന്ധന. ഇത് അംഗീകരിച്ചാൽ 12,000 കോടിയോളം രൂപ സംസ്ഥാനം കേന്ദ്രത്തിനു തിരിച്ചടയ്ക്കേണ്ടിവരും. പണം നൽകുന്നത് അദാനിക്കാണെങ്കിലും തിരിച്ചടവിനു സംസ്ഥാനം കേന്ദ്രവുമായി കരാർ ഒപ്പിടുകയും വേണം.

സംസ്ഥാന സർക്കാർ നെറ്റ് പ്രസൻറ് വാല്യു വ്യവസ്ഥയിൽ തുക തിരിച്ചടയ്ക്കണമെന്നും കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഇതൊഴിവാക്കാനാണ് കാപ്പക്സ് വായ്പയിൽനിന്ന് വിജിഎഫ് നൽകാനുള്ള നീക്കം.

നേരത്തേ നബാർഡ് വായ്പയിൽനിന്ന് തുക കണ്ടെത്താനും ശ്രമം നടന്നിരുന്നു.

കരാർ ഒപ്പിടുന്നതോടെ തുറമുഖത്തിൻറെ രണ്ടാം ഘട്ട ഉദ്ഘാടനത്തിനു പ്രധാനമന്ത്രി നരേന്ദ്ര മോദിയെ മുഖ്യമന്ത്രി ക്ഷണിക്കും. പ്രധാനമന്ത്രി എത്താനാണു സാധ്യത.

# നൈസ് അക്കാദമിയിലെ ജർമ്മൻ വിസ ലഭിച്ച വിദ്യാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം പട്ടം എസ് യു ടി ആശുപത്രിയിൽ നടന്നു




തിരുവനന്തപുരം: നൈസ് അക്കാദമിയിലെ (എസ് യു ടി ആശുപത്രിയുടെ അനുബന്ധ സ്ഥാപനമായ) ജർമ്മൻ വിസ ലഭിച്ച വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റ് വിതരണ ചടങ്ങ് എസ് യു ടി ആശുപത്രിയുടെ കോൺഫറൻസ് ഹാളിൽ വച്ച് ആഘോഷപൂർവ്വം സംഘടിപ്പിച്ചു. 2023 ജനുവരിയിൽ ആരംഭിച്ച ജർമ്മൻ ഭാഷാ പരിശീലന പരിപാടിയിലൂടെ ഇതുവരെ 25 വിദ്യാർത്ഥികൾക്ക് ജർമ്മനിയിൽ ജോലി ലഭിച്ചിട്ടുണ്ട്. കൂടാതെ ഈ വർഷം 15 പേർക്ക് ജോലി ലഭിക്കുകയും 11 പേർ ആ2 ഭാഷാ യോഗ്യത നേടുകയും ചെയ്തു.

ബഹുമാനപ്പെട്ട കാർഷിക മന്ത്രി ശ്രീ. പി പ്രസാദ് ചടങ്ങ് ഉത്ഘാടനം ചെയ്തു. ആരോഗ്യ സംരക്ഷണ വിദഗ്ധർക്കായി അവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ഈ സംരംഭത്തെ അദ്ദേഹം അഭിനന്ദിച്ചു. എസ് യു ടി ആശുപത്രിയുടെ സി ഇ ഒ കേണൽ രാജീവ് മണ്ണാളി ചടങ്ങിന്റെ അധ്യക്ഷത വഹിച്ചു. ആഗോള തൊഴിൽ അവസരങ്ങൾ വിപുലീകരിക്കുന്നതിൽ ഭാഷാ പരിശീലനത്തിന്റെ പ്രാധാന്യവും അതിനായി ഈ പരിശീലന പരിപാടി ഭാവിയിലും കൂടുതൽ വിദ്യാർത്ഥികൾക്ക് സഹായകമാകുമെന്നും ചൂണ്ടികാണിച്ചുകൊണ്ട് അദ്ദേഹം അധ്യക്ഷ പ്രസംഗം നടത്തി. എസ് യു ടി ആശുപത്രിയുടെ ഗവേഷണ ഉപദേഷ്ടാവും ജർമ്മൻ ഭാഷാ പരിശീലന കോർഡിനേറ്ററുമായ ഡോ. കെ പി ശ്രീനിവാസകുമാർ പരിശീലന പരിപാടിയുടെ വിജയകരമായ പ്രവർത്തനങ്ങളെക്കുറിച്ചും ഭാവിയിലെ സാദ്ധ്യതകളെക്കുറിച്ചും വിശദീകരിച്ചു.

ചടങ്ങിന്റെ പ്രധാന ആകർഷണമായ സർട്ടിഫിക്കറ്റ് വിതരണത്തിനു ശേഷം ഡോ. വി രാജശേഖരൻ നായർ (മെഡിക്കൽ സൂപ്രണ്ട്, എസ് യു ടി ഹോസ്പിറ്റൽ), എം രാധാകൃഷ്ണൻ നായർ (ചീഫ് ലെയ്സൺ ഓഫീസർ), നസ്റിൻ (കജജ കെയർ ഏായഒ, ജർമ്മനി), ബുല മാത്യു (ങലറശരമഹ ടല്യ്ശരല ഖൗസല്യ, ഏായഒ, ജർമ്മനി), ഡോ. സാം ജി ഡി. ആർ (കആഇഞ, കിറശമ) എന്നിവർ വിദ്യാർത്ഥികൾക്ക് ആശംസകൾ അറിയിച്ചു.

ജർമ്മനിയിൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനായി തങ്ങളെ പ്രാപ്തരാക്കി പൂർണ്ണമായും ധനസഹായത്തോടെയുള്ള ഈ സംരംഭത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് പരിശീലനം വിജയകരമായി പൂർത്തിയാക്കിയ ആ2 വിദ്യാർത്ഥികൾ അവരുടെ അനുഭവങ്ങൾ പങ്കുവച്ചു. നൈസ് അക്കാദമി സെന്റർ ഹെഡ് ബീന അജിത്ത് സദസ്സിനെ സ്വാഗതം ചെയ്തു. എസ് യു ടി സ്കൂൾ ഓഫ് നഴ്സിങ് / നൈസ് അക്കാദമിയുടെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ രാജീവ് ടി നന്ദിപ്രസംഗം നടത്തി. ജർമ്മനിയിലെ സ്പോൺസർമാരുടെ പിന്തുണയും എസ് യു ടി ആശുപത്രിയുടെ പ്രോത്സാഹനവുമാണ് ഈ പരിപാടിയെ വിജയത്തിലേക്ക് നയിച്ചതെന്ന് അദ്ദേഹം പറഞ്ഞു.

# വിദ്യാർഥികൾ കടലിൽ ഒഴുക്കിൽപ്പെട്ട സംഭവം; ഒരാൾ മരിച്ചു

തിരുവനന്തപുരം: അടിമലത്തുറയിൽ കടലിൽ കുളിക്കാനിറങ്ങിയപ്പോൾ തിരയിൽപ്പെട്ടതിനെ തുടർന്ന് രക്ഷപ്പെടുത്തിയ വിദ്യാർഥി മരിച്ചു. കാഞ്ഞിരംകുളം സ്വദേശി ജീവൻ ആണ് മരിച്ചത്.

ജീവൻറെ സുഹൃത്ത് പാർഥസാരഥിയെ ആണ് കാണാതായത്. തീരദേശ പോലീസും മത്സ്യതൊഴിലാളികളും ചേർന്ന് ഇയാൾക്കായുള്ള തെരച്ചിൽ തുടരുകയാണ്.

ഇന്ന് ഉച്ചയോടെയാണ് അപകടം. ഇരുവരും കുളിക്കാൻ ഇറങ്ങിയപ്പോൾ തിരയിൽപ്പെടുകയായിരുന്നു. കാഞ്ഞിരംകുളം സർക്കാർ കോളജിലെ പിജി വിദ്യാർഥികളാണ് ഇവർ.

# വളാഞ്ചേരിയിൽ ലഹരി സംഘത്തിലുള്ളവർക്ക് എച്ച്ഐവി ബാധ; ഒമ്പത് പേർക്ക് രോഗം സ്ഥിരീകരിച്ചു

മലപ്പുറം: വളാഞ്ചേരിയിൽ ലഹരി സംഘത്തിലുള്ളവർക്ക് എച്ച്ഐവി ബാധ സ്ഥിരീകരിച്ചു. ഒരു സംഘത്തിലുള്ള ഒമ്പത് പേർക്കാണ് രോഗം സ്ഥിരീകരിച്ചത്. ഇതിൽ മൂന്ന് പേർ ഇതരസംസ്ഥാന തൊഴിലാളികളും മറ്റ് ആറ് പേർ മലയാളികളുമാണ്.

രണ്ട് മാസം മുമ്പ് കേരള എയ്സ്ഡ് സൊസൈറ്റി ഹൈറിസ്ക് പോപ്പുലേഷൻറെ ഇടയിൽ നടത്തിയ സർവേയിൽ ഒരാൾക്ക് രോഗം കണ്ടെത്തിയിരുന്നു. ഇയാളെ കേന്ദ്രീകരിച്ച് ആരോഗ്യവകുപ്പ് നടത്തിയ അന്വേഷണത്തിലാണ് ലഹരി സംഘത്തിലേക്ക് എത്തിയത്. പിന്നീട് സംഘത്തിലുള്ള എല്ലാവർക്കും രോഗം സ്ഥിരീകരിക്കുകയായിരുന്നു.

ലഹരി കുത്തിവയ്ക്കാൻ ഒരേ സിറിഞ്ച് ഉപയോഗിച്ചതാകാം രോഗം പകരാൻ ഇടയാക്കിയതെന്ന് ഡിഎംഒ അറിയിച്ചു. രോഗബാധ ഉള്ളവരുടെ കുടുംബാംഗങ്ങളെ അടക്കം ഉൾപ്പെടുത്തി ആരോഗ്യവകുപ്പ് സ്ക്രീനിംഗ് തുടരുകയാണ്.

# സ്കൂൾ പ്രവേശന പ്രായം ആറാക്കും: മന്ത്രി വി. ശിവൻകുട്ടി

തിരുവനന്തപുരം: സംസ്ഥാനത്ത് ഔപചാരിക വിദ്യാഭ്യാസത്തിനായുള്ള സ്കൂൾ പ്രവേശന പ്രായം കേരളത്തിൽ അഞ്ചു വയാസാണെന്നും 2026-27 അക്കാദമിക വർഷം മുതൽ ഇത് ആറു വയസാക്കി മാറ്റാൻ കഴിയണമെന്നും മന്ത്രി വി. ശിവൻകുട്ടി.

ഔപചാരിക വിദ്യാഭ്യാസത്തിനായി കുട്ടികൾ സജ്ജമാകുന്നത് ആറു വയസിനുശേഷമാണെന്നാണ് ശാസ്ത്രീയ പഠനങ്ങളും മറ്റും നിർദ്ദേശിക്കുന്നത്. അതുകൊണ്ടാണ് വിദ്യാഭ്യസപരമായി വികസിത രാജ്യങ്ങളെല്ലാം ഔപചാരിക വിദ്യാഭ്യാസ പ്രവേശന പ്രായം ആറു വയസോ അതിന് മുകളിലോ ആക്കുന്നത്.

പക്ഷേ കേരളീയ സമൂഹം എത്രയോ കാലങ്ങളായി കുട്ടികളെ അഞ്ചു വയസിലാണ് ഒന്നാം ക്ലാസ്സിൽ ചേർക്കുന്നത്. എന്നിരുന്നാലും വലിയൊരു വിഭാഗം കുട്ടികളെ ആറാം വയസിൽ സ്കൂളിൽ ചേർക്കുന്ന അവസ്ഥ നിലവിലുണ്ട്.

ഏതാണ്ട് 50 ശതമാനത്തിലധികം കുട്ടികൾ നിലവിൽ ആറു വയസിന് ശേഷമാണ് സ്കൂളിൽ എത്തുന്നതെന്നും ഇത് പ്രോത്സാഹിപ്പിക്കപ്പെടണമെന്നും മന്ത്രി പറഞ്ഞു.



# 5 ആശുപത്രികൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം ആകെ 216 ആരോഗ്യ സ്ഥാപനങ്ങൾക്ക് എൻ.ക്യു.എ.എസ്.

തിരുവനന്തപുരം: സംസ്ഥാനത്തെ 5 ആശുപത്രികൾക്ക് കൂടി നാഷണൽ ക്വാളിറ്റി അഷുറൻസ് സ്റ്റാൻഡേർഡ്സ് (എൻ.ക്യു.എ.എസ്.) അംഗീകാരം ലഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. 4 ആശുപത്രികൾക്ക് പുതുതായി അംഗീകാരവും ഒരു ആശുപത്രിയ്ക്ക് പുന:അംഗീകാരവുമാണ് ലഭിച്ചത്. ഇതോടെ സംസ്ഥാനത്ത് ആകെ 216 ആരോഗ്യ സ്ഥാപനങ്ങൾക്കാണ് എൻ.ക്യു.എ.എസ്. സർട്ടിഫിക്കേഷൻ ലഭിച്ചത്. ആരോഗ്യ മേഖലയിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ് തുടർച്ചയായി നമ്മുടെ സർക്കാർ ആശുപത്രികളെ ദേശീയ ഗുണനിലവാരത്തിലേക്ക് കേന്ദ്രം ഉയർത്തുന്നത്. കൂടുതൽ ആശുപത്രികളെ എൻ.ക്യു.എ.എസ്. നിലവാരത്തിലേക്ക് ഉയർത്താനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നതായും മന്ത്രി വ്യക്തമാക്കി.

പത്തനംതിട്ട ആനിക്കാട് കുടുംബാരോഗ്യ കേന്ദ്രം 93.02 ശതമാനം സ്കോറും, പത്തനംതിട്ട വടശ്ശേരിക്കര കുടുംബാരോഗ്യ കേന്ദ്രം 90.75 ശതമാനം സ്കോറും, തൃശൂർ നാലുകെട്ട് കുടുംബാരോഗ്യ കേന്ദ്രം 97.24 ശതമാനം സ്കോറും, വയനാട് ചീരാൽ കുടുംബാരോഗ്യ കേന്ദ്രം 87.84 ശതമാനം സ്കോറും നേടിയാണ് പുതുതായി എൻ.ക്യു.എ.എസ്. അംഗീകാരം കരസ്ഥമാക്കിയത്. തിരുവനന്തപുരം കള്ളിക്കാട് ന്യൂ കുടുംബാരോഗ്യ കേന്ദ്രം 93.52 ശതമാനം സ്കോർ നേടി മൂന്ന് വർഷത്തിന് ശേഷം വീണ്ടും അംഗീകാരം നേടിയെടുത്തു.സംസ്ഥാനത്തെ 5 ജില്ലാ ആശുപത്രികൾ, 5 താലൂക്ക് ആശുപത്രികൾ, 11 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 43 അർബൻ പ്രൈമറി ഹെൽത്ത് സെന്ററുകൾ, 148 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 4 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ എൻ.ക്യു.എ.എസ്. അംഗീകാരം നേടിയിട്ടുണ്ട്.

എൻ.ക്യു.എ.എസ്. അംഗീകാരത്തിന് മൂന്ന് വർഷത്തെ കാലാവധിയാണുള്ളത്. മൂന്ന് വർഷത്തിന് ശേഷം ദേശീയ സംഘത്തിന്റെ പുന:പരിശോധന ഉണ്ടാകും. കൂടാതെ വർഷാവർഷം സംസ്ഥാനതല പരിശോധനയുമുണ്ടാകും. എൻ.ക്യു.എ.എസ്. അംഗീകാരം ലഭിക്കുന്ന എഫ്.എച്ച്.സി./ യു.പി.എച്ച്.സികൾക്ക് 2 ലക്ഷം രൂപ വീതവും, ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്ക് ഒരു പാക്കേജിന് 18,000 രൂപ വീതവും മറ്റ് ആശുപത്രികൾക്ക് ഒരു കിടക്കയ്ക്ക് 10,000 രൂപ എന്ന നിലയിലും വാർഷിക ഇൻസെന്റീവ് ലഭിക്കും.

# സ്പോർട്സ് അക്കാദമികളിലേക്ക് സോണൽ സെലക്ഷൻ

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന സ്പോർട്സ് അക്കാദമികളിലേക്ക് 2025-26 അധ്യയന വർഷത്തേക്കുള്ള സോണൽ സെലക്ഷൻ ഏപ്രിൽ 7 മുതൽ മെയ് 2 വരെ നടക്കും. 2025-26 അധ്യയന വർഷത്തെ 7, 8 ക്ലാസുകളിലേക്കും പ്ലസ് വൺ, കോളേജ്, ഡിഗ്രി (ഒന്നാം വർഷം) തലങ്ങളിലേക്കും അണ്ടർ 14 വിമൺ ഫുട്ബോൾ അക്കാദമിയിലേക്കുമാണ് കായിക താരങ്ങളെ തിരഞ്ഞെടുക്കുന്നത്. സ്വിമ്മിങ്, ബോക്സിങ്, ജൂഡോ, ഫെൻസിങ്, ആർച്ചറി, റസ്‌ലിങ്, തയ്ക്കോണ്ടോ, സൈക്ലിങ്, നെറ്റ് ബോൾ, കബഡി, ഖോ-ഖോ, ഹോക്കി, ഹാൻഡ് ബോൾ (കോളേജ് തലത്തിൽ സോഫ്റ്റ് ബോളും വെയിറ്റ് ലിഫ്റ്റിങും മാത്രം), കനോയിങ് ആന്റ് കയാക്കിങ്, റോവിങ് എന്നീ ഇനങ്ങളിലേക്ക് നേരിട്ടാണ് സോണൽ സെലക്ഷൻ നടത്തേണ്ടത്. അത്‌ലറ്റിക്, ഫുട്ബോൾ, വോളിബോൾ, ബാസ്കറ്റ് ബോൾ എന്നീയിനങ്ങളിൽ ജില്ലാതല സെലക്ഷനിൽ യോഗ്യത നേടിയവർക്ക് മാത്രമേ സോണൽ സെലക്ഷനിൽ പങ്കെടുക്കാനാകൂ.

ഏപ്രിൽ 7 ന് സ്കൂൾ, പ്ലസ് വൺ, അണ്ടർ 14 വിഭാഗങ്ങളിലേക്കും ഏപ്രിൽ 8 ന് കോളേജ് തലത്തിലേക്കും കണ്ണൂർ ധർമശാല കെ എ പി ഗ്രൗണ്ടിൽ അത്‌ലറ്റിക്, ബാസ്കറ്റ് ബോൾ, ഫുട്ബോൾ, റസ്‌ലിങ്, വോളിബോൾ, തയ്ക്കോണ്ടോ, ഫെൻസിങ്, കബഡി ഇനങ്ങളിൽ സോണൽ സെലക്ഷൻ നടക്കും. ഏപ്രിൽ 9 ന് സ്കൂൾ, പ്ലസ് വൺ, അണ്ടർ 14, കോളേജ് തലങ്ങളിലേക്ക് വയനാട് കൽപറ്റയിലെ എം കെ ജിനചന്ദ്ര സ്റ്റേഡിയത്തിൽ അത്‌ലറ്റിക്, ബാസ്കറ്റ് ബോൾ, ഫുട്ബോൾ, റസ്‌ലിങ്, വോളിബോൾ, ഫെൻസിങ്, ആർച്ചറി, കബഡി വിഭാഗങ്ങളിൽ സോണൽ സെലക്ഷൻ സംഘടിപ്പിക്കും.

ഏപ്രിൽ 11 ന് സ്കൂൾ, പ്ലസ് വൺ, അണ്ടർ 14 തലങ്ങളിലേക്കും ഏപ്രിൽ 12 ന് കോളേജ് തലത്തിലേക്കും കോഴിക്കോട് തേഞ്ഞിപ്പാലത്തെ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ അത്‌ലറ്റിക്, ബാസ്കറ്റ്ബോൾ, ഫുട്ബോൾ, റസ്‌ലിങ്, നെറ്റ് ബോൾ, ഖോ-ഖോ, ബോക്സിങ്, സ്വിമ്മിങ് ഹാൻഡ് ബോൾ, വെയ്റ്റ് ലിഫ്റ്റിങ്, ഹോക്കി, ജൂഡോ, ആർച്ചറി ഇനങ്ങളിൽ സെലക്ഷൻ നടക്കും.

ഏപ്രിൽ 21 ന് സ്കൂൾ, പ്ലസ് വൺ, അണ്ടർ 14 വിഭാഗങ്ങളിലേക്കും ഏപ്രിൽ 22 ന് കോളേജ് തലത്തിലേക്കും തൃശൂർ കോർപ്പറേഷൻ സ്റ്റേഡിയത്തിൽ അത്‌ലറ്റിക്സ്, ബാസ്കറ്റ് ബോൾ, ഫുട്ബോൾ, വോളിബോൾ, ജൂഡോ, സോഫ്റ്റ് ബോൾ, സൈക്ലിങ്, സ്വിമ്മിങ്, കബഡി, ഖോ-ഖോ, വെയ്റ്റ് ലിഫ്റ്റിങ്, ആർച്ചറി, ഫെൻസിങ് ഇനങ്ങളിൽ തെരെഞ്ഞെടുപ്പ് നടക്കും. ഏപ്രിൽ 23 ന് സ്കൂൾ, പ്ലസ് വൺ, അണ്ടർ 14 വിഭാഗങ്ങളിലേക്കും ഏപ്രിൽ 24 ന് കോളേജ് തലത്തിലേക്കും കോട്ടയം ചങ്ങനാശ്ശേരി എസ് ബി കോളേജിൽ അത്‌ലറ്റിക്, ബാസ്കറ്റ് ബോൾ, ഫുട്ബോൾ, വോളിബോൾ, ബോക്സിങ്, ജൂഡോ, റസ്‌ലിങ്, ആർച്ചറി, നെറ്റ് ബോൾ, സോഫ്റ്റ് ബോൾ, വെയിറ്റ് ലിഫ്റ്റിങ് ഇനങ്ങളിൽ സെലക്ഷൻ നടക്കും.

ഏപ്രിൽ 26 ന് സ്കൂൾ, പ്ലസ് വൺ, അണ്ടർ 14 വിഭാഗങ്ങളിലേക്കും ഏപ്രിൽ 27 ന് കോളേജ് തലത്തിലേക്കും തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ അത്‌ലറ്റിക്, ബാസ്കറ്റ് ബോൾ, ഫുട്ബോൾ, വോളിബോൾ, ബോക്സിങ്, റസ്‌ലിങ്, നെറ്റ് ബോൾ, ഫെൻസിങ്, തയ്ക്കോണ്ടോ, സൈക്ലിങ്, ഹോക്കി, കബഡി, ഹോൻഡ് ബോൾ, സ്വിമ്മിങ്, ഖോ-ഖോ ഇനങ്ങളിൽ സെലക്ഷൻ നടക്കും. ഏപ്രിൽ 9 ന് സ്കൂൾ, പ്ലസ് വൺ, കോളേജ് വിഭാഗങ്ങളിൽ ആലപ്പുഴയിൽ വച്ച് റോവിങ്, കനോയിങ് ആന്റ് കയാക്കിങ് ഇനങ്ങളിൽ സോണൽ സെലക്ഷൻ നടക്കും.

# വാളയാർ കേസിലെ കുറ്റവാളി ആരെന്ന് നാട്ടുകാരോട് ചോദിച്ചാൽ പറഞ്ഞുതരും; പെൺകുട്ടികളുടെ അമ്മയ്ക്കെതിരേ മുഖ്യമന്ത്രി

കോഴിക്കോട്: വാളയാർ കേസിൽ യഥാർഥ കുറ്റവാളി ആരെന്ന് ആ നാട്ടിൽ ചോദിച്ചാൽ ആരും പറഞ്ഞു തരുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അവരെ സ്ഥാനാർഥിയാക്കുന്ന നിലയുണ്ടായെന്നും മുഖ്യമന്ത്രി പ്രതികരിച്ചു.

കോഴിക്കോട്ടെ ദേശാഭിമാനി ആസ്ഥാന മന്ദിരം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. കേസിലെ കുറ്റവാളികളെ മഹത്വവൽക്കരിക്കാൻ ആണ് ചിലർ ശ്രമിച്ചത്. ഇപ്പോൾ മറ്റൊരു കണ്ടെത്തൽ വന്നപ്പോൾ മാധ്യമങ്ങൾ പൂർണ നിശബ്ദരായെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

കഴിഞ്ഞ ദിവസം കൊച്ചിയിലെ സിബിഐ കോടതിൽ സമർപ്പിച്ച കുറ്റപത്രത്തിൽ ദുരൂഹസാഹചര്യത്തിൽ പെൺകുട്ടികളുടെ മാതാപിതാക്കളെ പ്രതി ചേർത്തിരുന്നു. പിന്നാലെ ഹാജരാകണമെന്ന് ആവശ്യപ്പെട്ട് കോടതി ഇവർക്ക് സമൻസ് അയച്ചിരുന്നു. അതേസമയം തങ്ങളെ പ്രതി ചേർത്ത സിബിഐ കുറ്റപത്രം റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് മാതാപിതാക്കൾ ഹൈക്കോടതിയിൽ ഹർജി നൽകിയിട്ടുണ്ട്.

സിബിഐ അധികാര ദുർവിനിയോഗം നടത്തിയെന്നും മക്കളുടെ മരണം ആത്മഹത്യയല്ല, കൊലപാതകമാണെന്ന് സംശയിക്കുന്നെന്നുമാണ് ഹർജിയിലെ ആരോപണം.

## സ്കൂളിലേക്ക് മദ്യം കൊണ്ടുവന്നു; വിദ്യാർഥികൾക്ക് പോലീസിൻറെ കൗൺസിലിംഗ്

പത്തനംതിട്ട: പത്താം ക്ലാസ് പരീക്ഷയ്ക്ക് മദ്യവുമായി എത്തിയ നാല് വിദ്യാർഥികൾക്ക് കൗൺസിലിംഗ് നൽകാനൊരുങ്ങി ആറന്മുള പോലീസ്.പത്തനംതിട്ട കോഴഞ്ചേരി നഗരത്തിലെ സ്കൂളിലാണ് ബുധനാഴ്ച വിദ്യാർഥികൾ മദ്യവുമായി എത്തിയത്.

പരീക്ഷ കഴിഞ്ഞ് ആഘോഷിക്കാനാണ് മദ്യം കൊണ്ടുവന്നത്. ഇവർക്കാണ് പോലീസ് കൗൺസിലിംഗ് നൽകുന്നത്.ഒരാളുടെ ബാഗിൽ നിന്നു അമ്മൂമ്മയുടെ മോതിരം മോഷ്ടിച്ചു വിറ്റ 10,000 രൂപയും കണ്ടെത്തിയിരുന്നു. വിദ്യാർഥികൾക്ക് മദ്യം ആര് വാങ്ങി നൽകി എന്നതിലടക്കം വിശദമായ പോലീസ് അന്വേഷണം ഉണ്ടാകും.

# പി.ജി. ദീപക് വധക്കേസ്; കോടതി വെറുതെ വിട്ട അഞ്ച് പ്രതികൾ കുറ്റക്കാരാണെന്ന് ഹൈക്കോടതി

കൊച്ചി: ജനതാദൾ-യു നാട്ടിക നിയോജകമണ്ഡലം പ്രസിഡൻറും സംസ്ഥാന കൗൺസിൽ അംഗവുമായിരുന്ന പി.ജി. ദീപക് കൊല്ലപ്പെട്ട കേസിൽ വിചാരണ കോടതി വെറുതെ വിട്ട അഞ്ചു പ്രതികൾ കുറ്റക്കാരാണെന്നു ഹൈക്കോടതി.

ഒന്ന് മുതൽ അഞ്ചു വരെ പ്രതികളായ ഋഷികേശ്, നിജിൻ, പ്രശാന്ത്, രസന്ത്, ബ്രഷ്നേവ് എന്നിവരെയാണ് അപ്പീലിൽ ഹൈക്കോടതി കുറ്റക്കാരണെന്ന് കണ്ടെത്തിയത്. ബിജെപി, ആർഎസ്എസ് പ്രവർത്തകരാണ് കൊലപാതകം നടത്തിയതെന്ന് ആരോപണം ഉയർന്നിരുന്നു.2015 മാർച്ച് 24നാണ് ദീപക്ക് കൊല്ലപ്പെട്ടത്. ആകെ പത്ത് പ്രതികളെയാണ് വാചിരാണക്കോടതി നേരത്തെ വെറുതെവിട്ടത്. ഇതിനെതിരെ സർക്കാരും ദീപക്കിൻറെ കുടുംബവും നൽകിയ അപ്പീലിലാണ് ഡിവിഷൻ ബെഞ്ച് ഉത്തരവ്. പ്രതികളെ അറസ്റ്റ് ചെയ്ത് ഏപ്രിൽ എട്ടിന് ഹാജരാക്കാൻ ഹൈക്കോടതി നിർദേശിച്ചു.

# മേയറുടെ അറസ്റ്റ്; തുർക്കിയിൽ പ്രതിഷേധം ശക്തമാകുന്നു

അങ്കാര: ഇസ്താംബൂൾ മേയർ ഇക്രം ഇമാമൊഗ്ലുവിന്റെ അറസ്റ്റിൽ തുർക്കി ജനത പ്രതിഷേധം കടുപ്പിച്ചു. കോടതി അദ്ദേഹത്തെ റിമാൻഡ് ചെയ്തതിനു പിന്നാലെ ഞായറാഴ്ച വൻ പ്രകടനങ്ങൾ അരങ്ങേറി. തുർക്കിയിലെ 81 പ്രവിശ്യകളിൽ 51ലും പ്രകടനങ്ങളുണ്ടായി.

തുർക്കി പ്രസിഡൻറ് എർദോഗന്റെ രാഷ്ട്രീയ ശത്രുവായ ഇമാമൊഗ്ലുവിനെതിരേയുള്ള നടപടികൾ രാഷ്ട്രീയപ്രേരിതമാണെന്ന് ആരോപിക്കുന്നു. പല പ്രകടനങ്ങളും പോലീസുമായുള്ള സംഘർഷത്തിലാണു കലാശിച്ചത്.

ജലപീരങ്കി, കുരുമുളക് സ്പ്രേ, റബർ വെടിയുണ്ടകൾ എന്നിവ പ്രതിഷേധക്കാർക്കു നേരേ പോലീസ് പ്രയോഗിച്ചു. ഇസ്താംബൂളിൽ നടന്ന പ്രകടനത്തെ ഇമാമൊഗ്ലുവിന്റെ ഭാര്യ ദിലേക് കായ അഭിസംബോധന ചെയ്തു.

ബുധനാഴ്ച അറസ്റ്റ് ചെയ്ത ഇക്രം ഇമാമൊഗ്ലുവിനെതിരേ അഴിമതി, തീവ്രവാദബന്ധം മുതലായ കുറ്റങ്ങളാണു ചുമത്തിയിരിക്കുന്നത്.

ഇസ്താംബൂൾ മേയർ പദവിയിൽനിന്ന് അദ്ദേഹത്തെ സസ്പെൻഡ് ചെയ്തതായി തുർക്കി ആഭ്യന്തരമന്ത്രാലയം അറിയിച്ചിട്ടുണ്ട്. ഇതിനിടെ, മതേതര പ്രതിപക്ഷ പാർട്ടിയുടെ 2028ലെ പ്രസിഡൻഷ്യൻ സ്ഥാനാർഥിയായി ഇമാമൊഗ്ലു ഞായറാഴ്ച തെരഞ്ഞെടുക്കപ്പെട്ടു.

# ചരിത്ര നേട്ടവുമായി വിദ്യാഭ്യാസ വകുപ്പ്; പരീക്ഷ തീരും മുമ്പ് പത്താം ക്ലാസ് പാഠ പുസ്തകങ്ങളുടെ വിതരണം തുടങ്ങി

തിരുവനന്തപുരം: ഒമ്പതാം ക്ലാസ് പരീക്ഷ കഴിയുന്നതിന് മുമ്പ് പത്താം ക്ലാസിലെ പാഠപുസ്തകങ്ങൾ വിതരണം ചെയ്ത് ചരിത്രം കുറിച്ച് വിദ്യാഭ്യാസ വകുപ്പ്. പരിഷ്കരിച്ച പത്താം ക്ലാസ് പാഠപുസ്തകങ്ങളുടെ പ്രകാശനം മുഖ്യമന്ത്രി പിണറായി വിജയൻ ഒമ്പതാം ക്ലാസ് വിദ്യാർഥികൾക്ക് നൽകി നിർവഹിച്ചു.

സംസ്ഥാനത്തെ പ്രീപ്രൈമറി മുതൽ ഹയർസെക്കൻഡറി തലം വരെയുള്ള പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ എസ്സിഇആർടിയുടെ നേതൃത്വത്തിൽ പുരോഗമിച്ചുവരികയാണ്. ആദ്യഘട്ടത്തിൽ ഒന്നു മുതൽ പത്താം ക്ലാസ് വരെയുള്ള പാഠപുസ്തകങ്ങളുടെ പരിഷ്കരണം പൂർത്തീകരിച്ചു.

ഹയർസെക്കൻഡറി പാഠപുസ്തകങ്ങളുടെ പരിഷ്കരണം അടുത്ത വർഷം നടക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. യോഗത്തിൽ മന്ത്രിമാരായ വി.ശിവൻകുട്ടി, കെ.എൻ. ബാലഗോപാൽ തുടങ്ങിയവർ പങ്കെടുത്തു.

# മലയോര പട്ടയം : സംയുക്ത പരിശോധന ഏപ്രിലിൽ തുടങ്ങും

1977 ജനുവരി ഒന്നിന് മുൻപ് വനഭൂമിയിൽ കുടിയേറി താമസിച്ചു വരുന്ന അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികളുടെ ഭാഗമായി റവന്യു, വനം വകുപ്പുകളുടെ സംയുക്ത പരിശോധന ഏപ്രിൽ മാസം ആരംഭിക്കുന്നതിന് റവന്യു, വനം വകുപ്പ് മന്ത്രിമാരുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ തീരുമാനമായി.

കേരളത്തിലെ മലയോര മേഖലയിൽ പട്ടയത്തിന് അപേക്ഷ സ്വീകരിക്കുന്നതിനും സംയുക്ത പരിശോധന (ജോയിന്റ് വെരിഫിക്കേഷൻ) നടത്തുന്നതിനും കേന്ദ്ര സർക്കാർ അനുമതി ആവശ്യമായിരുന്നു. 2024 ഫെബ്രുവരിയിൽ റവന്യൂ മന്ത്രി കെ രാജനും വനം മന്ത്രി എ കെ ശശീന്ദ്രനും കേന്ദ്ര വനം മന്ത്രി ഭൂപേന്ദ്ര യാദവ്, സഹമന്ത്രി അശ്വിനി കുമാർ ചൗബേ എന്നിവരുമായി ഡൽഹിയിൽ നടത്തിയ കൂടിക്കാഴ്ചയുടെ ഫലമായാണ് കേന്ദ്രാനുമതി ലഭിച്ചത്.

1993 ലെ പുതിയ ചട്ട പ്രകാരം 1977 ജനുവരി ഒന്നിന് മുൻപ് കുടിയേറിയവരുടെ പട്ടയം അപേക്ഷകൾ സ്വീകരിച്ച് നടപടി സ്വീകരിക്കുവാൻ സംസ്ഥാന സർക്കാരിന് കഴിയുമായിരിന്നില്ല. കുടിയേറ്റക്കാരുടെ ബന്ധുക്കളുടെയും ഭൂമി കൈമാറ്റം ചെയ്തവരുടെയും അപേക്ഷകൾ കെട്ടിക്കിടക്കുന്ന സാഹചര്യത്തിലാണ് സംസ്ഥാന സർക്കാരിന്റെ നിരന്തര ശ്രമഫലമായി കേന്ദ്രസർക്കാരുമായി ചർച്ച നടത്താനും സംയുക്ത പരിശോധനക്കായുള്ള അനുമതി നേടാനുമായത്. മലയോരമേഖലയിൽ പുതിയ അപേക്ഷ സ്വീകരിക്കാനും അതിന്റെ ഭാഗമായുള്ള വെരിഫിക്കേഷൻ നടത്താനും കേരളത്തിന് പ്രത്യേക അനുവാദം ലഭിച്ചു.

ഇതേ തുടർന്ന്, 1977 ജനുവരി ഒന്നിന് മുൻപ് വനഭൂമിയിൽ കുടിയേറി താമസിച്ചു വരുന്ന മുഴുവൻ പേർക്കും അതത് പ്രദേശത്ത് ബാധകമായ പതിവ് ചട്ടങ്ങൾ പ്രകാരം യോഗ്യതക്ക് അനുസൃതമായി പട്ടയം നൽകുന്നതിനായി സംസ്ഥാന സർക്കാർ 2024 മാർച്ച് 1 മുതൽ 31 വരെ സമഗ്ര വിവര ശേഖരണം നടത്തുന്നതിന് വില്ലേജ് ഓഫീസുകളിൽ സൗകര്യം ഒരുക്കിയിരുന്നു. എന്നാൽ അർഹരായ പലർക്കും ഈ ഘട്ടത്തിൽ അപക്ഷ നൽകാൻ കഴിഞ്ഞിരുന്നില്ലെന്ന കർഷക സംഘടനകളുടെയും ജനപ്രതിനിധികളുടെയും അഭ്യർത്ഥന പ്രകാരം ജൂലൈ 10 മുതൽ 31 വരെ വീണ്ടും വിവര ശേഖരണത്തിന് സൗകര്യം നൽകിയിരുന്നു. രണ്ടു ഘട്ടങ്ങലായി നടന്ന വിവര ശേഖരണത്തിലൂടെ 59,830 അപേക്ഷകളാണ് ലഭിച്ചത്.

ജോയിന്റ് വെരിഫിക്കേഷനുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിന് ജോയിന്റ് ലാൻഡ് റവന്യൂ കമ്മിഷണർ എ ഗീത, പ്രിൻസിപ്പൽ സിസി എഫ് രാജേഷ് രവീന്ദ്രൻ എന്നിവർ അംഗങ്ങളായ പ്രത്യേക സമിതിയെ യോഗം ചുമതലപ്പെടുത്തി.

നിയമസഭാ ഓഡിറ്റോറിയത്തിൽ ചേർന്ന യോഗത്തിൽ റവന്യു പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാൾ, ലാൻഡ് റവന്യൂ കമ്മിഷണർ ഡോ എ കൗശിഗൻ, ജോയിന്റ് കമ്മീഷണർ എ ഗീത, പി സി സി എഫ് രാജേഷ് രവീന്ദ്രൻ, എ പി സി സി എഫ് ഡോ പി പുകഴേന്തി, ജില്ലാ കലക്ടർമാർ, മറ്റു വനം, റവന്യു വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# കൗമാരക്കാരിയെ പീഡിപ്പിച്ചു; പ്രായപൂർത്തി ആകാത്ത ആൺ സുഹൃത്തുക്കൾ ഒളിവിൽ

ഗാസിയാബാദ്: 17കാരിയെ പ്രായപൂർത്തിയാകാത്ത രണ്ട് ആൺ സുഹൃത്തുക്കൾ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ചു. ഉത്തർ പ്രദേശിലെ ഗാസിയാബാദിലാണ് സംഭവം. തിങ്കളാഴ്ചയായിരുന്നു ക്രൂരമായ അതിക്രമം നടന്നത്. പ്രതികൾക്കെതിരെ കേസെടുത്തിട്ടുണ്ടെന്നും ഇരുവർക്കും വേണ്ടിയുള്ള തിരച്ചിൽ നടക്കുകയാണെന്നും പോലീസ് പറഞ്ഞു. തിങ്കളാഴ്ച പ്രതികളിലൊരാൾ പെൺകുട്ടിയെ വീടിന് സമീപത്തുള്ള വാട്ടർ ടാങ്കിനടുത്തേക്ക് വിളിച്ചു വരുത്തി. നിർബന്ധിച്ച് ബൈക്കിൽ കയറ്റി അടുത്തുള്ള സ്മശാനത്തിലേക്ക് കൊണ്ടുപോയി. പെൺകുട്ടിയുടെ എതിർപ്പ് വകവെക്കാതെയാണ് പ്രതികൾ കുട്ടിയെ ശ്മശാനത്തിലേക്ക് കൊണ്ടുപോയത്. ഇവിടെ വച്ച് ഒരാൾ കാവൽ നിൽക്കെ മറ്റെയാൾ പെൺകുട്ടിയെ പീഡിപ്പിക്കുകയായിരുന്നു. പെൺകുട്ടി നിലവിളിച്ചപ്പോൾ വായയിൽ തുണി തിരുകുകയും അടിക്കുകയും ചെയ്തു. സംഭവം ആരോടെങ്കിലും പറഞ്ഞാൽ കൊലപ്പെടുത്തുമെന്ന് പ്രതികൾ ഭീഷണിപ്പെടുത്തി. വീട്ടിലെത്തിയ പെൺകുട്ടി സംഭവം മാതാപിതാക്കളോട് തുറന്ന് പറഞ്ഞു. ബുധനാഴ്ച പെൺകുട്ടിയുടെ മാതാപിതാക്കൾ പോലീസിനെ സമീപിക്കുകയായിരുന്നു. പെൺകുട്ടിയെ വൈദ്യപരിശോധന നടത്തിയതായും മജിസ്ട്രേറ്റിൻറെ മുന്നിൽ ഹാജരാക്കി മൊഴി രേഖപ്പെടുത്തിയതായും പോലീസ് പറഞ്ഞു.

# തൊഴിലധിഷ്ഠിത കോഴ്സുകളിൽ സീറ്റൊഴിവ്

കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്തുള്ള ട്രെയിനിംഗ് ഡിവിഷനിൽ ആരംഭിച്ച ഡിപ്ലോമ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് പ്രവേശനം ആരംഭിച്ചു. ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ഹാർഡ് വെയർ ആന്റ് നെറ്റ് വർക്കിംഗ്, മൾട്ടിമീഡിയ, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നീ കോഴ്സുകളിലാണ് സീറ്റൊഴിവുകൾ.എസ്.സി/ എസ്.ടി വിദ്യാർഥികൾക്ക് നിയമാനുസൃത ഇളവുകൾ ലഭിക്കും. ഒ.ബി.സി/ എസ്.ഇ.ബി.സി / മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് വരുമാന പരിധിക്ക് വിധേയമായി ഫീസ് സൗജന്യമായിരിക്കും.

അപേക്ഷകർ വിദ്യാഭ്യാസ യോഗ്യത, ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം പടിഞ്ഞാറേകോട്ടയിലെ ട്രെയിനിംഗ് ഡിവിഷനിൽ നേരിട്ട് ഹാജരാകണമെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക്: 0471-2474720, 0471-2467728.

## വാക്ക്-ഇൻ ഇന്റർവ്യൂ

തിരുനവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ ബയോമെഡിക്കൽ എൻജിനിയറിങ് അപ്രന്റിസുകളുടെ നിയമനത്തിന് ഏപ്രിൽ 8 ന് വാക്ക്-ഇൻ ഇന്റർവ്യൂ നടത്തും. വിശദവിവരങ്ങൾക്ക്: www.rcctvm.gov.in .

# പി.ജി. മെഡിക്കൽ 2024 പ്രവേശനം: റീഫണ്ടിന് അർഹതയുള്ള വിദ്യാർത്ഥികൾ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഓൺലൈനായി സമർപ്പിക്കണം

2024-25 അദ്ധ്യയന വർഷത്തെ പി.ജി. മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഫീസ് ഒടുക്കിയിട്ടുള്ളവരിൽ റീഫണ്ടിന് അർഹതയുള്ള വിദ്യാർത്ഥികൾക്ക് തുക ബാങ്ക് അക്കൗണ്ട് വഴി തിരികെ നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചു. റീഫണ്ടിന് അർഹതയുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. റീഫണ്ട് ലഭിക്കാൻ അർഹതയുള്ള വിദ്യാർത്ഥികൾ www.c-e-e.k-er-a-l-a.gov.in എന്ന വെബ് സൈറ്റിലെ 'P.G. M-e-d-i-c-a-l 2024 C-an-d-i-d-a-te Por-ta-l' എന്ന ലിങ്കിൽ ആപ്ലിക്കേഷൻ നമ്പർ, പാസ്‌വേഡ് എന്നിവ നൽകി പ്രവേശിച്ച് 'ടൗയാശ േആമിസ അരരീൗി േഉലമേശഹ' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് അവരവരുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ മാർച്ച് 31 ന് വൈകിട്ട് 5 ന് മുൻപായി ഓൺലൈനായി സമർപ്പിക്കണം. വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ് സൈറ്റിലെ വിജ്ഞാപനം കാണുക. അക്കൗണ്ട് വിവരങ്ങൾ കൃത്യമായി നൽകാത്തവരുടെ തുക ഇനിയൊരറിയിപ്പില്ലാതെ തന്നെ സർക്കാരിലേക്ക് മുതൽക്കൂട്ടും. ഹെൽപ്പ് ലൈൻ നമ്പർ: 0471 - 2525300, 2332120, 2338487.

# പുതുച്ചേരിയിൽ ആശമാരുടെ ഓണറേറിയം 18,000 രൂപയാക്കി; മുഖ്യമന്ത്രിക്ക് പുഷ്പവൃഷ്ടി

ചെന്നൈ: കേരളത്തിൽ ഓണറേറിയം വർധനയ്ക്കായി ആശാ വർക്കർമാർ ഒന്നരമാസത്തോളമായി സമരം ചെയ്യുന്നതിനിടെ കേന്ദ്രഭരണ പ്രദേശമായ പുതുച്ചേരിയിൽ ആശാ വർക്കർമാരുടെ ഓണറേറിയം കുത്തനെ കൂട്ടി. 10,000 രൂപയിൽനിന്നു 18,000 രൂപയായിട്ടാണ് ഓണറേറിയം ഉയർത്തിയത്.

നിയമസഭയിൽ ധനാഭ്യർഥന ചർച്ചയ്ക്കിടെ മുഖ്യമന്ത്രി എൻ. രംഗസ്വാമി ഇതു സംബന്ധിച്ച പ്രഖ്യാപനം നടത്തി. എംഎൽഎമാരുടെ ആവശ്യം പരിഗണിച്ചാണ് തീരുമാനമെന്നു മുഖ്യമന്ത്രി പറഞ്ഞു. പുതുച്ചേരിയിലെ 300 ആശാ പ്രവർത്തകർക്കും വർധനയുടെ നേട്ടം ലഭിക്കും.

പുതുച്ചേരിയിൽ നിലവിൽ നൽകിവരുന്ന 10,000 രൂപയിൽ സംസ്ഥാന സർക്കാർ 7,000 രൂപയും കേന്ദ്രം 3,000 രൂപയുമാണ് നൽകുന്നത്. ഇത് 18,000 ആകുന്നതോടെ 2.88 കോടി രൂപയുടെ അധിക ബാധ്യത പ്രതിവർഷം സംസ്ഥാന സർക്കാരിന് ഉണ്ടാകും.

ഓണറേറിയം വർധിപ്പിച്ചതെത്തുടർന്നു മുഖ്യമന്ത്രിയെ ആശമാർ ഔദ്യോഗിക വസതിയിൽ നേരിട്ടത്തി നന്ദി അറിയിച്ചു. മുഖ്യമന്ത്രി വരുന്ന വഴിയുടെ രണ്ട് വശങ്ങളിലും വരിയായിനിന്ന് പൂക്കൾ വിതറിയും പുഷ്പഹാരം അണിയിച്ചും ആശമാർ സന്തോഷം പ്രകടിപ്പിച്ചു. എൻആർ കോൺഗ്രസ്-ബിജെപി സഖ്യമാണു പുതുച്ചേരി ഭരിക്കുന്നത്. കേരളത്തിൽ നിലവിൽ 7,000 രൂപയാണ് ആശമാരുടെ പ്രഖ്യാപിത ഓണറേറിയം.

# സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷം: സംഘാടക സമിതി യോഗം മാർച്ച് 29ന്

സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷം ഏപ്രിൽ 21 മുതൽ മെയ് 23വരെ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായുള്ള സംഘാടക സമിതി യോഗം മാർച്ച് 29ന് ഉച്ചയ്ക്ക് 2 മണിക്ക് ജില്ലാ പഞ്ചായത്ത് കാര്യാലയത്തിലെ ഇ.എം.എസ് ഹാളിൽ ചേരും. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി.ശിവൻകുട്ടി അധ്യക്ഷത വഹിക്കും. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി. ആർ അനിൽ സന്നിഹിതനായിരിക്കും.വാർഷികാഘോഷങ്ങളുടെ ഭാഗമായി എല്ലാ ജില്ലകളിലും നടത്തുന്ന എന്റെ കേരളം പ്രദർശന വിപണന മേള ജില്ലയിൽ മെയ് 17 മുതൽ 23വരെ പുത്തരിക്കണ്ടം മൈതാനത്ത് സംഘടിപ്പിക്കും.ഏപ്രിൽ 21ന് കാസർകോഡ് സംസ്ഥാനതല ഉദ്ഘാടന സമ്മേളനവും മെയ് 23ന് തിരുവനന്തപുരത്ത് സംസ്ഥാനതല സമാപന സമ്മേളനവും നടത്താനാണ് തീരുമാനം.

## ഹമാസ് പുറത്തുപോകൂ ; വടക്കൻ ഗാസയിൽ പലസ്തീൻ ജനതയുടെ പ്രതിഷേധം

കയ്റോ: ഇസ്രയേലുമായുള്ള യുദ്ധം അവസാനിപ്പിക്കാൻ ആവശ്യപ്പെട്ട് ഹമാസിനെതിരേ തെരുവിലിറങ്ങി പലസ്തീൻ ജനത. ചൊവ്വാഴ്ച വടക്കൻ ഗാസയിലെ ബെയ്ത് ലാഹിയ പട്ടണത്തിൽ നടന്ന മാർച്ചിൽ ആയിരക്കണക്കിനു പേർ പങ്കെടുത്തുവെന്നാണ് റിപ്പോർട്ട്. ആയുധധാരികളായ ഹമാസ് പ്രവർത്തകർ ബലപ്രയോഗത്തിലൂടെ പ്രതിഷേധക്കാരെ പിരിച്ചുവിടുകയായിരുന്നു.

യുദ്ധം ആരംഭിച്ചശേഷം ഗാസ ജനത ഹമാസിനെതിരേ പരസ്യപ്രതിഷേധത്തിനു മുതിരുന്നത് ആദ്യമാണ്. യുദ്ധത്തിൽ തകർന്ന കെട്ടിടങ്ങൾക്കു നടുവിലൂടെയുള്ള പാതയിലൂടെ പലസ്തീനികൾ ഹമാസ് വിരുദ്ധ മുദ്രാവാക്യങ്ങളുമായി മാർച്ച് ചെയ്യുന്ന ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്.

“ഹമാസിൻറെ ഭരണം മടുത്തു, ഹമാസ് പുറത്തുപോകൂ, യുദ്ധം മതിയായി, ഭക്ഷണം വേണം, ഞങ്ങൾക്ക് സമാധാനം വേണം..” തുടങ്ങിയ മുദ്രാവാക്യങ്ങൾ പ്രതിഷേധക്കാർ ഉയർത്തി. സംഭവത്തിൽ ഹമാസ് ഔദ്യോഗിക പ്രതികരണത്തിനു തയാറായിട്ടില്ല. വിശ്വാസവഞ്ചകരാണു പ്രതിഷേധം നടത്തിയതെന്ന് ഹമാസ് അനുകൂലികൾ പറഞ്ഞു.

ഇസ്ലാമിക് ജിഹാദ് ഭീകരവാദികൾ റോക്കറ്റാക്രമണം നടത്തിയതിനു പിന്നാലെ ഇസ്രേലി സേന ബെയ്ത് ലാഹിയയിലെ ജനങ്ങളെ ഒഴിപ്പിച്ചുമാറ്റാൻ തുടങ്ങിയിരുന്നു. ഇതിനു പിന്നാലെയാണ് ബെയ്ത് ലാഹിയയിൽ ഹമാസ് വിരുദ്ധ പ്രകടനങ്ങളുണ്ടായത്. 2007 മുതൽ ഗാസ ഭരിക്കുന്ന ഹമാസിനോട് പലസ്തീനികൾക്കുള്ള എതിർപ്പ് യുദ്ധമാരംഭിച്ചശേഷം ശക്തിപ്പെട്ടുവെന്നാണു റിപ്പോർട്ട്.

പലസ്തീനികളുടെ ദുരിതജീവിതം ചൂണ്ടിക്കാട്ടി ഖത്തർ തുടങ്ങിയ ഗൾഫ് രാജ്യങ്ങളിൽനിന്നടക്കം ലഭിക്കുന്ന പണം ഹമാസ് ഭീകരർ ജനങ്ങൾക്കുവേണ്ടി ഉപയോഗിക്കാതെ ഗാസയിലുടനീളം തുരങ്കം നിർമിക്കാനും ആഡംബര ജീവിതത്തിനുമായാണ് ഉപയോഗിക്കുന്നതെന്ന് ഇതിനോടകം വ്യക്തമായിരുന്നു.

യുദ്ധത്തിനിടെ ഹമാസ് ഭീകരർ സാധാരണക്കാരെ മനുഷ്യകവചങ്ങളാക്കുന്ന സംഭവങ്ങളും പുറത്തുവന്നിരുന്നു. ഇതിനു പുറമെ മാസങ്ങളായി തുടരുന്ന യുദ്ധം ഗാസയെ നിത്യനരകമായി മാറ്റുകയും ജീവിതം ദുരിതപൂർണമാകുകയും ചെയ്ത സാഹചര്യത്തിലാണ് ഗത്യന്തരമില്ലാതെ ജനം ഹമാസ് ഭീകരർക്കെതിരേ രംഗത്തു വന്നിരിക്കുന്നത്.

## അഭിമുഖം

തിരുവനന്തപുരം ശ്രീ അവിട്ടം തിരുനാൾ ആശുപത്രി വികസന സമിതിക്കു കീഴിൽ പ്രവർത്തിക്കുന്ന ഫാർമസികളുടെ മേൽനോട്ടത്തിനായി സർക്കാർ സർവീസിലെ ഫാർമസി സ്റ്റോർ കീപ്പർ / സ്റ്റോർ സൂപ്രണ്ട് തസ്തികയിൽ നിന്നും വിരമിച്ചതും കുറഞ്ഞത് 15 വർഷത്തെ പ്രവൃത്തി പരിചയവുമുള്ള ഒരാളെ നിയമിക്കുന്നതിനായി ഏപ്രിൽ 21 ന് രാവിലെ 11 മണിക്ക് അഭിമുഖം നടത്തും.

പ്രായപരിധി : 60 വയസ്. ശമ്പളം പ്രതിമാസം 25,000 രൂപ. താൽപര്യമുള്ളവർ യോഗ്യത, പ്രവൃത്തി പരിചയം, വയസ്, മേൽവിലാസം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും തിരിച്ചറിയൽ രേഖയും പകർപ്പുകളും ഉൾപ്പെടെ ഹാജരാകണം

## ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ സമ്മർ സയൻസ് വർക്ക്ഷോപ്പ്

സ്കൂൾ വിദ്യാർഥികൾക്കായി കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ ഏപ്രിൽ, മേയ് മാസങ്ങളിൽ ക്രിയേറ്റീവ് സമ്മർ സയൻസ് വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നു. 2024–25 അധ്യയന വർഷം 3 മുതൽ 5 വരെ ക്ലാസിൽ വിദ്യഭ്യാസം പൂർത്തീകരിച്ച വിദ്യാർഥികളെ ജൂനിയർ ബാച്ചിലും 6 മുതൽ 8 വരെ ക്ലാസിൽ വിദ്യാഭ്യാസം പൂർത്തിയാക്കിവരെ സീനിയർ ബാച്ചിലും ഉൾപ്പെടുത്തും. പ്രവേശന അപേക്ഷ വെബ്സൈറ്റ് മുഖേന ഏപ്രിൽ 2 വൈകിട്ട് നാല് വരെ സമർപ്പിക്കാം. വിശദവിവരങ്ങൾക്ക്: www.k-stmu-seum.com, www.k-sstm.or-g.

## എസ്.എസ്.എൽ.സി പരീക്ഷ

എസ്.എസ്.എൽ.സി./ റ്റി.എച്ച്.എസ്.എൽ.സി/ എ.എച്ച്.എസ്.എൽ.സി/ എസ്.എസ്.എൽ.സി. (എച്ച്.ഐ.), റ്റി.എച്ച്.എസ്.എൽ.സി. (എച്ച്.ഐ) പരീക്ഷകളുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം സംസ്ഥാനത്തൊട്ടാകെ പരീക്ഷാഭവൻ ഉൾപ്പെടെ 72 കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകളിലായി നടക്കും. ക്യാമ്പുകളുടെ പ്രവർത്തനം 2 സ്പെല്ലുകളായാണ് ക്രമീകരിച്ചിരിക്കുന്നത്. ഏപ്രിൽ 3 മുതൽ 11 വരെ ഒന്നാം സ്പെലും 21 മുതൽ 26 വരെ രണ്ടാം സ്പെലും നടക്കും. 72 കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകളിൽ 38,42,910 ഉത്തരക്കടലാസ്സുകളാണ് മൂല്യനിർണ്ണയം നടത്തുന്നത്.

മൂല്യനിർണ്ണയം നടത്തുന്നതിനായി ഏകദേശം 950 അഡീഷണൽ ചീഫ് എക്സാമിനർമാരെയും, 9000 എക്സാമിനർമാരെയും, 72 ഐ.ടി മാനേജർമാരെയും 144 ഡേറ്റാ എൻട്രി ജീവനക്കാരെയും 216 ക്ലറിക്കൽ ജീവനക്കാരെയും 72 ക്യാമ്പുകളിലായി നിയമിക്കുന്നതിനായുള്ള നടപടികൾ ജില്ലാ അടിസ്ഥാനത്തിൽ നടന്നു വരുന്നു. എസ്.എസ്.എൽ.സി മാർച്ച് 2025 പരീക്ഷയുടെ മൂല്യ നിർണ്ണയ ക്യാമ്പ് ആരംഭിക്കുന്നതിന് മുന്നോടിയായുള്ള സ്കീം ഫൈനലൈസഷൻ ക്യാമ്പിന്റെ ആദ്യ ഘട്ടമായി ഭാഷാ വിഷയങ്ങളുടെ സ്കീം ഫൈനലൈസേഷൻ മാർച്ച് 20 ന് പൂർത്തീകരിച്ചു. രണ്ടാം ഘട്ടമായി ശാസ്ത്ര, സാമൂഹ്യശാസ്ത്ര, ഗണിത വിഷയങ്ങളുടെ സ്കീം ഫൈനലൈസേഷൻ മാർച്ച് 28 നും എറണാകുളം എസ് ആർ വി മോഡൽ ഗവ.സ്കൂളിൽ നടക്കും. മൂല്യനിർണ്ണയ ക്യാമ്പുകളിലേയ്ക്ക് ആവശ്യമായ സ്കോർഷീറ്റ്, ഫാറങ്ങൾ എന്നിവയുടെ പ്രിന്റിംഗ് പൂർത്തിയായിട്ടുണ്ട്. മാർച്ച് അവസാന വാരം മുതൽ വിതരണം ആരംഭിക്കും.

### ഹയർ സെക്കന്ററി

ഹയർസെക്കന്ററി പരീക്ഷകളുടെ ഉത്തരക്കടലാസ്സ് മൂല്യനിർണ്ണയം നടത്താനായി 89 ക്യാമ്പുകൾ (സിംഗിൽ വാലുവേഷൻ ക്യാമ്പ്- 63, ഡബിൾ വാലേഷൻ ക്യാമ്പ് - 26) സജ്ജീകരിച്ചിട്ടുണ്ട്. ഹയർസെക്കന്ററി പരീക്ഷയുടെ ഉത്തരക്കടലാസ്സ് മൂല്യനിർണ്ണയം നടത്താനായി സ്കീം ഫൈനലൈസേഷൻ ഒന്നാം ഘട്ടം മാർച്ച് 14 ന് നടന്നു. സ്കീം ഫൈനലൈസേഷൻ രണ്ടാം ഘട്ടം ഏപ്രിൽ 2 ന് നടക്കും. മാർച്ചിൽ നടക്കുന്ന ഹയർ സെക്കന്ററി പരീക്ഷയുടെ ഉത്തരക്കടലാസ്സ് മൂല്യനിർണ്ണയം 57 വിവിധ വിഷയങ്ങൾക്കായി 24000 അദ്ധ്യാപകരെ നിയമിച്ച് 89 ക്യാമ്പുകളിലായി പൂർത്തീകരിക്കും. ക്യാമ്പുകളിൽ മൂല്യനിർണ്ണയം ഏപ്രിൽ 3-ന് ആരംഭിച്ച് മെയ് 10-ന് അവസാനിപ്പിക്കുവാനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. മെയ് മൂന്നാം വാരത്തിനുള്ളിൽ ഹയർ സെക്കന്ററി പരീക്ഷകളുടെ ഫലപ്രഖ്യാപനം നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായി മന്ത്രി പറഞ്ഞു.

### വൊക്കേഷണൽ ഹയർ സെക്കണ്ടറി

വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം രണ്ടാംവർഷ പൊതുപരീക്ഷ മാർച്ച് 26 ന് അവസാനിച്ചു. ഒന്നാംവർഷ പരീക്ഷ, ഒന്നാംവർഷ ഇംപ്രൂവ്മെന്റ് പരീക്ഷ എന്നിവ മാർച്ച് 29 നും സമാപിക്കും. പ്രൈവറ്റ് വിദ്യാർത്ഥികൾ ഉൾപ്പടെ ആകെ 28,611വിദ്യാർത്ഥികളാണ് രണ്ടാംവർഷ പരീക്ഷക്ക് രജിസ്റ്റർ ചെയ്തിരുന്നത്. 26,837 വിദ്യാർത്ഥികൾ ഒന്നാംവർഷ പരീക്ഷയ്ക്കും 22,726 വിദ്യാർത്ഥികൾ ഒന്നാംവർഷ ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്കും രജിസ്റ്റർ ചെയ്തിരുന്നു. മൂല്യനിർണ്ണയത്തിനായി വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിന് 8 ക്യാമ്പുകളാണ് ഉള്ളത്. ഏപ്രിൽ 3 മുതൽ മൂല്യനിർണ്ണയം ആരംഭിക്കും. മെയ് മൂന്നാമത്തെ ആഴ്ചയിൽ ഫലപ്രഖ്യാപനം നടത്തും.

### അവധിക്കാല അധ്യാപക പരിശീലനം

അവധിക്കാല അധ്യാപകസംഗമം പ്രീ-സ്കൂൾ, എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ വിഭാഗത്തിലെ മുഴുവൻ അധ്യാപകർക്കും ഏപ്രിൽ-മെയ് മാസങ്ങളിൽ വിവിധ ഘട്ടങ്ങളിലായി സംഘടിപ്പിക്കും. പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെയും സമഗ്ര ശിക്ഷാ കേരളം, എസ് സി ഇ ആർ ടി, കൈറ്റ്, എസ് ഐ ഇ ടി, സീമാറ്റ്, വിദ്യാകിരണം മിഷൻ, ഡയറ്റുകൾ എന്നീ വിവിധ ഏജൻസികളുടെയും ഏകോപന പ്രവർത്തനങ്ങളിലൂടെയാണ് അധ്യാപക സംഗമങ്ങളും തുടർന്നുള്ള ക്ലസ്റ്റർ പരിശീലനങ്ങളും സംഘടിപ്പിക്കുന്നത്. സംസ്ഥാനത്താകെ ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിൽ വ്യത്യസ്ത വിഷയങ്ങളിലായി ഏകദേശം അയ്യായിരത്തോളം ബാച്ചുകളിലായി ഒന്നേമുക്കാൽ ലക്ഷത്തോളം അധ്യാപകർക്ക് അഞ്ചു ദിവസത്തെ അവധിക്കാല പരിശീലനം നൽകും.

പുതുതായി ജോലിയിൽ പ്രവേശിച്ച അധ്യാപകർക്കായി റസിഡൻഷ്യൽ രീതിയിൽ 6 ദിവസത്തെ നവാധ്യാപക പരിശീലനങ്ങളും പ്രഥമാധ്യാപക പരിശീലനങ്ങളും സംഘടിപ്പിക്കും.

### സ്കൂൾ സഹകരണ സംഘം

നോട്ട് ബുക്ക്, പഠനോപകരണങ്ങളുടെ വിതരണം സ്കൂൾ സഹകരണ സംഘങ്ങൾ വഴി വില കുറച്ച് ലഭ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി പൂർത്തിയാക്കുന്ന കാര്യം ക്യു.ഐ.പി അധ്യാപക സംഘടനാ യോഗത്തിൽ ചർച്ച ചെയ്തിരുന്നു. സ്കൂൾ തുറക്കുന്ന സമയത്ത് കുട്ടികൾക്ക് ഏറ്റവും വിലക്കുറവിൽ പഠനോപകരണങ്ങൾ ലഭ്യമാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. സ്കൂൾ സർവ്വീസ് സൊസൈറ്റികളുടെ ബൈലോയിൽ ആവശ്യമെങ്കിൽ ഭേദഗതി വരുത്തുമെന്നും . വിതരണ ചുമതല ടെക്സ്റ്റ് ബുക്ക് ഓഫീസർക്കാണെന്നും മന്ത്രി പറഞ്ഞു.

### അധ്യാപക സ്ഥലംമാറ്റം

അന്തർജില്ലാ സ്ഥലമാറ്റത്തിനുള്ള അപേക്ഷ ഓൺലൈൻ മുഖേന 2024 നവംബർ 26 ലെ സർക്കുലർ പ്രകാരം ക്ഷണിച്ചിരുന്നു. 2025 ജനുവരി 29 ന് അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുണ്ടായി. 2025 ഫെബ്രുവരി 1 ന് അദ്ധ്യാപകരുടെ താൽക്കാലിക അന്തർജില്ലാ സ്ഥലംമാറ്റ ഉത്തരവ് വിദ്യാഭ്യാസ ഉപഡയറക്ടർ തലത്തിൽ പുറപ്പെടുവിച്ചിട്ടുണ്ട്. ട്രൈബൽ/മലയോര വെയിറ്റേജ് നൽകുന്ന വിഷയത്തിൽ പരാതി ലഭ്യമായതിനെ തുടർന്ന് പ്രസ്തുത വിഷയത്തിൽ സ്പഷ്ടീകരണത്തിനായി നടപടികൾ സ്വീകരിച്ചു വരികയാണ്. നിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കും.

### അദ്ധ്യാപകരുടെ പൊതു സ്ഥലംമാറ്റം

പൊതു സ്ഥലംമാറ്റം 2025 മാർച്ച് 22 ൽ ആരംഭിച്ച് 29 ൽ അവസാനിക്കുന്ന തരത്തിൽ സർക്കുലർ പ്രകാരം അപേക്ഷ ക്ഷണിച്ചിട്ടുള്ളതാണ്. ആയത് പൂർത്തിയായാൽ ഉടൻ തന്നെ പഞ്ചായത്ത് സ്കൂളിലെ ഒഴിവുകൾ കൂടി പരിഗണിച്ച് കൊണ്ട് 2025 ഏപ്രിൽ 2 ൽ നടപടി ആരംഭിക്കുന്ന വിധത്തിൽ പൊതു സ്ഥലംമാറ്റത്തിന്റെ സർക്കുലർ പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

ഹയർ സെക്കണ്ടറി പൊതുസ്ഥലംമാറ്റ നടപടികൾ 2025 – 26 അക്കാദമിക വർഷം ആരംഭിക്കുന്നതിന് മുൻപ് തന്നെ പൂർത്തിയാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഹയർ സെക്കൻഡറി അധ്യാപകരുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട ഡി.എച്ച്.എസ്.ഇ ട്രാൻസ്ഫർ സോഫ്റ്റ് വെയർ എൻ.ഐ.സി. യിൽ നിന്നും കൈറ്റിലേക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്. പൊതുസ്ഥലംമാറ്റ നടപടികൾ എൻ.ഐ.സി. യുടെ പിൻതുണയോടെ കൈറ്റ് നടത്തുന്നതാണെന്നും മന്ത്രി പത്രസമ്മേളനത്തിൽ അറിയിച്ചു.

## പ്രവാസികളെ ഭീഷണിപ്പെടുത്തി കോടികൾ തട്ടിയ യുവാവ് കണ്ണൂരിൽ ഇൻറർപോളിൻറെ പിടിയിൽ

കണ്ണൂർ: ദുബായിൽ പ്രവാസികളെ ഭീഷണിപ്പെടുത്തി അഞ്ചരക്കോടി രൂപയോളം തട്ടിയെടുത്ത യുവാവിനെ രഹസ്യാന്വേഷണ വിഭാഗത്തിൻറേയും കേരള പോലീസിൻറേയും സഹായത്തോടെ ഇൻറർപോൾ അറസ്റ്റ്ചെയ്തു.ചെറുകുന്ന് മുണ്ടപ്രം സ്വദേശി വളപ്പിലെ പീടികയിലെ വി.പി. സവാദിനെ (30) ആണ് ചൊവ്വാഴ്ച വൈകീട്ട് പയ്യന്നൂർ പാലക്കോട്ടുനിന്ന് അറസ്റ്റ്ചെയ്തത്. പട്യാല അസിസ്റ്റൻറ് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി ഇയാൾക്കെതിരെ വാറണ്ട് പുറപ്പെടുവിച്ചിരുന്നു.പ്രവാസികളെ ഭീഷണിപ്പെടുത്തി പണം തട്ടിയശേഷം നാട്ടിലേക്ക് കടന്നതാണെന്ന് കരുതുന്നു. ഒന്നാം പ്രതി കണ്ണൂർസിറ്റിയിലെ യുവാവിനായി അന്വേഷണം ഊർജിതമാക്കി.

## ഊട്ടിയിൽ ആദിവാസി യുവാവിനെ പുലി കടിച്ചുകൊന്നു

ചെന്നൈ: ഊട്ടിയിൽ ആദിവാസി യുവാവിനെ പുലി കടിച്ചുകൊന്നു. തോഡർ ഗോത്രത്തിൽപ്പെട്ട കേന്തർകുട്ടൻ(41) ആണ് മരിച്ചത്. പാതി ഭക്ഷിച്ച നിലയിലാണ് മൃതദേഹം കണ്ടെത്തിയത്.നീലഗിരി ഫോറസ്റ്റ് ഡിവിഷനിലെ ഗവർണർഷോലയിലാണ് സംഭവം. കാണാതായ പോത്തിനെ അന്വേഷിച്ച് ബുധനാഴ്ച വൈകുന്നേരം വനമേഖലയിലേക്ക് പോയതാണ് കേന്തർകുട്ടൻ. രാവിലെയും തിരിച്ചെത്താതിരുന്നതോടെ ബന്ധുക്കൾ തിരച്ചിൽ നടത്തുന്നതിടെയാണ് മൃതദേഹം കണ്ടെത്തിയത്.വനംവകുപ്പ് ഉടൻ സ്ഥലത്തെത്തും. സ്ഥലത്ത് നാട്ടുകാർ പ്രതിഷേധിക്കുകയാണ്.

## വയനാട് ഉരുൾപൊട്ടൽ: ദുരന്ത ബാധിതരുടെ വായ്പകൾ എഴുതിത്തള്ളില്ല

കൊച്ചി: വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ വായ്പകൾ എഴുതിത്തള്ളാനാകില്ലെന്ന് കേന്ദ്രസർക്കാർ ഹൈക്കോടതിയിൽ. വായ്പകൾ എഴുതിത്തള്ളുന്നതിനു പകരം ഒരു വർഷത്തെ മോറട്ടോറിയം നൽകി മുതലും പലിശയും പുനഃക്രമീകരിക്കാനാണു ധാരണയായതെന്നും കേന്ദ്രം കോടതിയെ അറിയിച്ചു.

എന്നാൽ, കേന്ദ്രനിലപാടിൽ ജസ്റ്റീസുമാരായ ജയശങ്കരൻ നമ്പ്യാരും എസ്. ഈശ്വരനും ഉൾപ്പെട്ട ഡിവിഷൻ ബെഞ്ച് അതൃപ്തി അറിയിച്ചു. വായ്പകൾ എഴുതിത്തള്ളുന്ന കീഴ്വഴക്കം മുമ്പ് ഉണ്ടായിട്ടുണ്ടെന്നു ചൂണ്ടിക്കാട്ടിയ കോടതി, വയനാട്ടിലെ കടാശ്വാസത്തിന് സ്വീകരിക്കുന്ന നടപടികളിൽ വ്യക്തത വരുത്തി വിശദമായ സത്യവാങ്മൂലം സമർപ്പിക്കാൻ കേന്ദ്രസർക്കാരിനോടു നിർദേശിച്ചു.

കടാശ്വാസ നടപടികൾ സംബന്ധിച്ച് സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ ശിപാർശ കേന്ദ്രത്തിനു സമർപ്പിച്ചിരുന്നു. റിസർവ് ബാങ്ക് മാനദണ്ഡങ്ങൾക്കനുസരിച്ച് ഇക്കാര്യം പരിശോധിച്ചാണു മോറട്ടോറിയവും ലോൺ പുനഃക്രമീകരണവും തീരുമാനിച്ചതെന്നാണ് കേന്ദ്രം കോടതിയിൽ പറഞ്ഞത്. എന്നാൽ, കേന്ദ്രം അധികാരപ്പെടുത്തിയതുപ്രകാരം 2008-09 വർഷം ചില വായ്പകൾ എഴുതിത്തള്ളിയിട്ടുണ്ടെന്ന് കോടതി ചൂണ്ടിക്കാട്ടി.

വയനാട് പുനരധിവാസത്തിന് അനുവദിച്ച ആദ്യഗഡുവായ 529.50 കോടി രൂപയുടെ വിനിയോഗത്തിനുള്ള സമയപരിധിയിലും കേന്ദ്രം വ്യക്തത വരുത്തി.

കേന്ദ്രസർക്കാർ സംസ്ഥാന ധനവകുപ്പിന് നൽകുന്ന തുക വിവിധ വകുപ്പുകൾക്ക് കൈമാറാനുള്ള സമയപരിധിയാണ് ഈ വർഷം ഡിസംബർ 31. അതല്ലാതെ നിർമാണപ്രവർത്തനങ്ങൾ പൂർത്തിയാക്കാനുള്ള തീയതിയല്ലെന്നും കേന്ദ്രം ഹൈക്കോടതിയെ അറിയിച്ചു. ഫണ്ട് വിവിധ വകുപ്പുകൾക്ക് കൈമാറിയശേഷം സംസ്ഥാനം യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് നൽകിയാൽ അംഗീകാരം നൽകുമെന്നും കേന്ദ്രം വ്യക്തമാക്കി. ഫണ്ട് വിനിയോഗം സംബന്ധിച്ച് വ്യക്തത വരുത്തണമെന്ന് കോടതി നേരത്തേ കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നു. ഹർജി ഏപ്രിൽ ഏഴിന് വീണ്ടും പരിഗണിക്കും.

## ജോയ് മാലിന്യ മുക്ത നവകേരളത്തിന്റെ രക്തസാക്ഷി : മന്ത്രി എം ബി രാജേഷ്

ആമയിഴഞ്ചാൻ തോട് ശുചീകരണത്തിനിടെ ജീവൻ നഷ്ടമായ ജോയ് മാലിന്യ മുക്ത നവകേരളത്തിന്റെ രക്തസാക്ഷിയാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ് പറഞ്ഞു. ജോയിയുടെ അമ്മ മെൽഗിക്ക് നിർമിച്ച് നൽകുന്ന വീടിന്റെ തറക്കല്ലിടിൽ ചടങ്ങിന് ശേഷം നടന്ന പൊതുയോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ജോയിയുടെ ഓർമകൾക്ക് ഉചിതമായ ആദരവ് കേരളം നൽകേണ്ടത് മാലിന്യ പ്രശ്നം ഇല്ലാതാക്കിക്കൊണ്ടാകണം. ജോയിയുടെ കുടുംബത്തിന് സംസ്ഥാന ഗവൺമെന്റ് നൽകിയ വാക്ക് പൂർണമായി പാലിക്കുകയാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് പത്ത് ലക്ഷം രൂപ ആദ്യം അനുവദിച്ചിരുന്നു. റയിൽവേ ഭൂമിയിൽ കരാർ ജോലി ചെയ്തിരുന്നപ്പോഴാണ് ജോയിക്ക് അപകടം സംഭവിച്ചത്. എന്നാൽ ഈ സങ്കേതികതക്കപ്പുറം ധാർമികമായ നിലപാടാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചത്. കോർപ്പറേഷൻ പരിധിക്ക് പുറത്ത് വീടു വെച്ചു നൽകുന്നതിനുള്ള അനുമതി തിരുവനന്തപുരം കോർപ്പറേഷനും ഭൂമി വാങ്ങുന്നതിന് കൂടുതൽ തുക ചെലവഴിക്കുന്ന നിനുള്ള പ്രത്യേക അനുമതി ജില്ലാ പഞ്ചായത്തിനും സംസ്ഥാന ഗവൺമെന്റ് പ്രത്യേക ഉത്തരവിലൂടെ അതിവേഗം നൽകി. മകൻ നഷ്ടപ്പെട്ട വേദന ഇല്ലാതാക്കാൻ കഴിയില്ലെന്ന യാഥാർഥ്യം ഉൾക്കൊള്ളുമ്പോഴും കുടുംബത്തെ ചേർത്തു പിടിക്കുക എന്ന ധാർമികതയാണ് സംസ്ഥാന ഗവൺമെന്റും കോർപ്പറേഷനും ജില്ലാപഞ്ചായത്തും സംയുക്തമായി സ്വീകരിച്ചത്. നാല് മാസം കൊണ്ട് വീട് നിർമാണം പൂർത്തിയാക്കി പുതിയ വീട്ടിലേക്ക് ജോയിയുടെ അമ്മ താമസം മാറുന്നതിനുള്ള നടപടി സ്വീകരിച്ചു. 2023 ൽ ആരംഭിച്ച മാലിന്യ മുക്ത നവകേരളം പദ്ധതിക്ക് ശേഷം മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുകയാണ്. പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നതിന് പതിനായിരവും ജലാശയങ്ങളിൽ നിക്ഷേപിക്കുന്നതിന് ഒരു ലക്ഷവുമാണ് പിഴ. പതിനായിരത്തോളം നിരീക്ഷണ ക്യാമറകൾ ഇതിനായി സംസ്ഥാന വ്യാപകമായി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണ്. ഓരോ വ്യക്തിയും ശ്രമിക്കുന്നതിലൂടെ മാത്രമേ മാലിന്യ മുക്തമായ നവകേരളം സാധ്യമാകൂ എന്നും പൊതു സമൂഹം അതിനായി അണിനിരക്കണമെന്നും മന്ത്രി പറഞ്ഞു. ചടങ്ങിൽ ഭൂമിയുടെ രേഖ മന്ത്രി എം ബി രാജേഷ് ജോയിയുടെ അമ്മക്ക് കൈമാറി. മേയർ ആര്യാ രാജേന്ദ്രൻ, അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി സുരേഷ്കുമാർ സ്വാഗതമാശംസിച്ചു. ഡപ്യൂട്ടി മേയർ പി കെ രാജു, പെരുങ്കടവിള ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് എസ് സുരേന്ദ്രൻ, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മറ്റി ചെയർമാൻ വിളപ്പിൽ രാധാകൃഷ്ണൻ, ജില്ലാ പഞ്ചായത്ത് അംഗം വി എസ് ബിനു, നഗരസഭ കൗൺസിലർ ഡി ആർ അനിൽ, ഗ്രാമപ്പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിന്ദു, ഗ്രാമപ്പഞ്ചായത്ത് അംഗം കെ രജികുമാർ തുടങ്ങിയവർ സംബന്ധിച്ചു. ജോയിയുടെ മാതാവിന് നിർമിച്ചു നൽകുന്ന വീടിന്റെ തറക്കല്ലിടിൽ മന്ത്രി എം ബി രാജേഷ് നിർവഹിച്ചു. ജോയിയുടെ അമ്മ മെൽഗി താമസിക്കുന്ന തിരുവനന്തപുരം മാരായമുട്ടത്തെ വീടിന് സമീപത്ത് തിരുവനന്തപുരം ജില്ല പഞ്ചായത്ത് കണ്ടെത്തിയ ഭൂമിയിലാണ് വീട് നിർമാണം ആരംഭിക്കുന്നത്. അണമുഖം വാർഡിലെ കോണത്തുവിളാകത്ത് അഞ്ച് സെന്റ് ഭൂമി ജില്ലാ പഞ്ചായത്ത് വകയിരുത്തിയ 5 ലക്ഷം രൂപ ചെലവഴിച്ചാണ് വാങ്ങിയത്. തിരുവനന്തപുരം കോർപ്പറേഷൻ ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തിയാണ് വീട് നിർമാണം പൂർത്തിയാക്കുക.

## ഫീസ് ഇനത്തിൽ എസ്ബിഐക്ക് 2043 കോടി ലാഭം

കൊല്ലം: എടിഎം വഴിയുള്ള പണം പിൻവലിക്കൽ ഫീസ് ഇനത്തിൽ കഴിഞ്ഞ അഞ്ചു വർഷത്തിനിടെ എസ്ബിഐയുടെ ലാഭം 2043 കോടി രൂപ. തൊട്ടു പിന്നിൽ 90.33 കോടി രൂപയുടെ ലാഭവുമായി പഞ്ചാബ് നാഷണൽ ബാങ്കാണ് രണ്ടാം സ്ഥാനത്തുള്ളത്. മൂന്നാം സ്ഥാനത്തുള്ള കാനറാ ബാങ്കിൻറെ ലാഭം 31.42 കോടിയാണ്.

പണം പിൻവലിക്കുന്നതിനുള്ള നിശ്ചിത പരിധിക്ക് ശേഷം ബാങ്കുകൾ നേടിയ ലാഭത്തിൻറെ കണക്ക് അടുത്തിടെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ചിരുന്നു. അതിലാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ റിക്കാർഡ് ലാഭം സംബന്ധിച്ച് വിശദമായി വ്യക്തമാക്കിയിട്ടുള്ളത്.

റിസർവ് ബാങ്കിൻറെ മാർഗ നിർദേശം അനുസരിച്ച് ഒരു വ്യക്തിക്ക് അക്കൗണ്ടുള്ള ബാങ്കിൻറെ എടിഎമ്മിൽ നിന്ന് പ്രതിമാസം സാമ്പത്തിക - സാമ്പത്തികേതരമായ അഞ്ച് ഇടപാടുകൾ നടത്താം. അതിനു ശേഷമുള്ള ഇടപാടുകൾക്കാണ് ബാങ്കുകൾ അധിക ഫീസ് ഈടാക്കുന്നത്.

മറ്റ് ബാങ്കുകളുടെ എടിഎം വഴിയുള്ള ഇടപാടുകളിൽ മെട്രോ സെൻററുകളിൽ മൂന്നും നോൺ മെട്രോ സെൻററുകളിൽ അഞ്ചും ഇടപാടുകൾ സൗജന്യമാണ്. ഈ പരിധികഴിഞ്ഞാലും ഇടപാടുകാരിൽ നിന്നും അധിക ചാർജ് ഈടാക്കും. റിസർവ് ബാങ്കിൻറെ 2025 ജനുവരിയിലെ കണക്ക് അനുസരിച്ച് രാജ്യത്ത് പൊതുമേഖലാ ബാങ്കുകളുടെ എടിഎം സെൻററുകളുടെ എണ്ണം 1, 35, 908 ആണ്. ഇതിൽ മുന്നിൽ നിൽക്കുന്നതും എസ്ബിഐ തന്നെ. അവർക്ക് 64,933 എറ്റിഎമ്മുകൾ ഉണ്ട്.

പഞ്ചാബ് നാഷണൽ ബാങ്കിൻറെ 12974 ഉം കാനറാ ബാങ്കിൻറെ 11968 എടിഎമ്മുകളും രാജ്യത്ത് നിലവിൽ പ്രവർത്തിക്കുന്നുണ്ട്. 2020 മാർച്ച് മുതൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾക്ക് മിനിമം ബാലൻസ് നിലനിർത്താൻ പിഴ ഈടാക്കുന്നില്ല എന്നും റിസർവ് ബാങ്കിൻറെ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു.

## മലയാള ഭാഷ ജില്ലാതല ഏകോപന സമിതി യോഗം സംഘടിപ്പിച്ചു

ഔദ്യോഗിക ഭാഷ മലയാളമാക്കുക എന്ന സംസ്ഥാന സർക്കാർ നയം നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ നടപ്പാക്കുന്നതിനും പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുമായി ജില്ലാതല ഏകോപന സമിതി യോഗം സംഘടിപ്പിച്ചു. ഡെപ്യൂട്ടി കളക്ടർ (ഇലക്ഷൻ) എൻ. ബാലസുബ്രഹ്മണ്യന്റെ അധ്യക്ഷതയിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിലാണ് യോഗം നടന്നത്.എല്ലാ ജില്ലാ ഓഫീസുകളിലും നിർബന്ധമായും രണ്ട് മാസത്തിലൊരിക്കൽ ജില്ലാതല യോഗം ചേരണമെന്ന് ഔദ്യോഗിക ഭാഷാ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി പി.രജി യോഗത്തിൽ അറിയിച്ചു. ചർച്ചയിൽ 100% പുരോഗതി കാണിക്കാത്ത കാര്യാലയങ്ങളോട് വിശദീകരണം ആവശ്യപെട്ടു. ഓരോ വകുപ്പിനും അനുവദിച്ചിട്ടുള്ള ഫണ്ട് കൃത്യമായി ഔദ്യോഗിക ഭാഷ പ്രയോഗ പദ്ധതിക്കായി ഉപയോഗിക്കാൻ വകുപ്പുകൾ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും യോഗത്തിൽ നിർദേശിച്ചു. 2025ലെ ജില്ലയിലെ ആദ്യ മലയാള ഭാഷ ഏകോപന സമിതി യോഗമാണ് നടന്നത്. വിവിധ സർക്കാർ വകുപ്പുകളുടെ ജില്ലാ മേധാവികളും മറ്റ് ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പു വരുത്തും : മന്ത്രി വി ശിവൻകുട്ടി

സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും തുല്യതയിൽ ഊന്നിയുള്ള ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി സെക്രട്ടേറിയറ്റ് പി ആർ ചേമ്പറിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തുക, ക്ലാസ് റൂം പഠനത്തിന് അക്കാദമിക കലണ്ടറിന് അനുസൃതമായി നിശ്ചിത സമയം ഉറപ്പുവരുത്തുക, സ്കൂൾ എസ്.ആർ.ജി.കൾ വഴി സമയബന്ധിതമായ അക്കാദമിക പ്രവർത്തനം പ്ലാൻ ചെയ്യുക, ഓരോ ക്ലാസിലും വിഷയത്തിലും പാഠ്യപദ്ധതി നിശ്ചയിച്ച ശേഷികൾ കുട്ടികൾ നേടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, കുട്ടികൾക്ക് വേണ്ട പഠനപിന്തുണാ പരിപാടി സംഘടിപ്പിക്കുക, ഭിന്നശേഷി കുട്ടികൾ, എസ്.സി -എസ്.ടി മേഖലകൾ, പ്രത്യേകത പരിഗണന അർഹിക്കുന്നവർ എന്നിവർക്കുള്ള പദ്ധതികൾ, കൂടുതൽ ശ്രദ്ധ വേണ്ട വിഷയങ്ങൾക്കുള്ള പഠനപരിപോഷണ പരിപാടികൾ നടപ്പിലാക്കുക, നിരന്തര മൂല്യനിർണ്ണയ പ്രക്രിയ കാര്യക്ഷമമാക്കുക, കുട്ടികളുടെ സമഗ്ര പഠനപുരോഗതി രേഖ വികസിപ്പിക്കുക, ചോദ്യപേപ്പറുകളുടെ പരിഷ്കരണവും വികേന്ദ്രീകരണവും നടപ്പിലാക്കുക എന്നിവ പദ്ധതിയിലുണ്ട്.

**സബ്ജക്ട് മിനിമം**

2024-25 അക്കാദമിക വർഷം എട്ടാം ക്ലാസിലും 2025-26 അക്കാദമിക വർഷം 8, 9 ക്ലാസുകളിലും, 2026-27 ൽ 8, 9, 10 ക്ലാസുകളിലും പൊതുപരീക്ഷയിൽ സബ്ജക്ട് മിനിമം നടപ്പാക്കുന്നതിന് നിരന്തര മൂല്യനിർണ്ണയത്തിൽ തികഞ്ഞ ജാഗ്രത പുലർത്തുന്നതിനും മെറിറ്റ് മാത്രം പരിഗണിക്കുന്നതിനുമായി പ്രത്യേക മാനദണ്ഡങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. എട്ടാം ക്ലാസിലെ വർഷാന്ത്യ എഴുത്തുപരീക്ഷയിൽ ഓരോ വിഷയത്തിനും മിനിമം സ്കോർ (40 സ്കോറിന്റെ എഴുത്തുപരീക്ഷയിൽ 12 സ്കോറും 20 സ്കോറിന്റെ എഴുത്തുപരീക്ഷയിൽ 6 സ്കോറും) ലഭിക്കാത്ത കുട്ടികൾക്ക് ആവശ്യമായ പഠനപിന്തുണ നൽകും.

സബ്ജക്ട് മിനിമം എട്ടാം ക്ലാസ്സിൽ നടപ്പാക്കുമ്പോൾ മിനിമം മാർക്ക് ആർജ്ജിക്കാത്ത കുട്ടികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും അടുത്ത ക്ലാസ്സിൽ പ്രമോഷൻ നൽകുന്നതിനും പിന്തുണാ സംവിധാനം അവധിക്കാലത്ത് നൽകേണ്ടതാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അധിക പിന്തുണ നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ 2025 മാർച്ച് 25 ന് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

**പാഠപുസ്തകം**

2025 -26 അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടി, ഡിസംബർ ആദ്യവാരത്തോടെ തന്നെ ആരംഭിച്ചിരുന്നു. സംസ്ഥാനത്തെ സർക്കാർ എയ്ഡഡ്, അൺ എയ്ഡഡ്, സി.ബി.എസ്.ഇ, മാഹി, ലക്ഷദ്വീപ് എന്നിവിടങ്ങളിലെ സ്കൂളുകളിലായി ആകെ മൂന്ന് കോടി എൺപത് ലക്ഷം പാഠപുസ്തകങ്ങൾ ഇൻഡന്റ് ചെയ്തിട്ടുണ്ട്. നിലവിൽ രണ്ട് കോടി പത്ത് ലക്ഷം പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തീകരിച്ചു. ഒരു കോടി അമ്പത് ലക്ഷം പാഠപുസ്തകങ്ങൾ സംസ്ഥാനത്തെ ജില്ലാ ഹബ്ബുകളിലേയ്ക്ക് വിതരണം നടത്തി. എഴുപത്തിയഞ്ച് ലക്ഷം പാഠപുസ്തകങ്ങൾ വിതരണത്തിനായി സൊസൈറ്റികളിൽ എത്തിച്ചു. മേയ് മാസത്തിൽ ഒന്നാം വാല്യം പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തീകരിക്കും. പുതുക്കിയ പത്താംക്ലാസ്സ് പാഠപുസ്തകങ്ങൾ ഒമ്പതാം ക്ലാസ്സിലെ പരീക്ഷകൾ കഴിയുന്നതിന് മുൻപായി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യാനാവുന്നു എന്നത് തന്നെ വലിയ നേട്ടമാണെന്ന് മന്ത്രി പറഞ്ഞു.

**ലഹരി ഉപയോഗം തടയുന്നത് സംബന്ധിച്ച്**

വിദ്യാർത്ഥികൾക്കിടയിൽ ലഹരി വസ്തുക്കളുടെ ദുരുപയോഗവും ആസക്തിയും തടയാൻ ലക്ഷ്യമിട്ടുള്ള വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധ ക്യാംപെയിൻ ഉൾപ്പെടെ വിവിധ പ്രവർത്തന പദ്ധതികൾ നടപ്പിലാക്കി വരുന്നു. കണ്ടെത്തുക, അറിയിക്കുക, പരിഹാര മാർഗങ്ങൾ നിശ്ചയിക്കുക എന്നിങ്ങനെയുള്ള ഘടകങ്ങൾ ഉൾപ്പെടുത്തി ഇതിനായി സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (എസ്.ഒ.പി.) തയ്യാറാക്കിയിട്ടുണ്ട്. ലഹരി വസ്തുക്കൾ സ്കൂൾ ക്യാമ്പസിൽ എത്തുന്നതിനെതിരെ ജാഗ്രത പുലർത്തുന്നതിന് രക്ഷകർത്താക്കളെ ബോധവൽക്കരിക്കുന്നതിന് രക്ഷകർത്തൃ ഗ്രൂപ്പുകൾ ചേർന്നിട്ടുണ്ട്. വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ പ്രശ്നങ്ങളെ അഭിസംബോധന ചെയ്ത് അവരുടെ അവകാശ സംരക്ഷണത്തിന്റെ കാതലായ പരിരക്ഷ, സുരക്ഷ, പങ്കാളിത്തം എന്നീ ഘടകങ്ങൾ പരിഗണിച്ചുകൊണ്ട് ഒരു കർമ്മ പദ്ധതി സ്കൂൾ തലത്തിൽ നടത്തുകയും ചെയ്തിട്ടുണ്ട്.

2024 -25 അക്കാദമിക വർഷത്തിൽ പരിഷ്കരിച്ച പാഠപുസ്തകങ്ങളിൽ അടിസ്ഥാന ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, മലയാളം, ഉറുദു, അറബി എന്നീ വിഷയങ്ങളിൽ അപ്പർ പ്രൈമറി, ഹൈസ്കൂൾ തലങ്ങളിൽ ലഹരിയ്ക്കും മയക്കുമരുന്നിനും എതിരായിട്ടുള്ള പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2025 -26 അക്കാദമിക വർഷം പരിഷ്കരിക്കുന്ന വിവിധ വിഷയങ്ങളിലെ പാഠപുസ്തങ്ങളിലും ഈ വിഷയം ഉൾപ്പടുത്തും. പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി രണ്ടാം ഘട്ടത്തിൽ അപ്പർ പ്രൈമറി, ഹൈസ്കൂൾ വിഭാഗത്തിലെ ക്ലാസുകളിലെ പുതുക്കിയ പാഠപുസ്തകങ്ങളിലും ഇത്തരം പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

ലഹരി ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങളെ കുറിച്ച് കുട്ടികളിൽ അവഗാഹം ഉണ്ടാക്കേണ്ടതും കുട്ടികൾക്ക് ലഹരികൾ ലഭിക്കുന്ന വഴികൾ തടയേണ്ടതും ഈ കാലഘട്ടത്തിലെ അടിയന്തിര ആവശ്യമായി മാറിയിട്ടുണ്ട്. മാർച്ച് 30 ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെയും സംഘടനകളുടെയും യോഗം ചേരുന്നുണ്ടെന്നും മന്ത്രി അറിയിച്ചു.

**ക്യു.ഐ.പി. യോഗതീരുമാനം**

സമഗ്ര ഗുണമേന്മാ പദ്ധതിയുമായി ബന്ധപ്പെട്ട് പുറത്തിറക്കിയ ടൈം ഷെഡ്യൂളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്ലാനിലുമുള്ള ചർച്ചകൾക്കുശേഷം ആവശ്യമായ മാറ്റം വരുത്തി പദ്ധതി നടപ്പിലാക്കും. എട്ടാം ക്ലാസ്സിൽ മിനിമം മാർക്ക് നടപ്പിലാക്കുമ്പോൾ വർഷാന്ത്യ എഴുത്തു പരീക്ഷയിൽ മിനിമം മാർക്ക് ആർജ്ജിക്കാത്ത വിദ്യാർത്ഥികൾക്ക് അധിക പിന്തുണ ക്ലാസ്സ് നൽകുന്നതിന് വിരമിച്ച അധ്യാപകരുടേയും ബി.ആർ.സി ട്രെയിനർമാരുടേയും സി.ആർ.സി കോർഡിനേറ്റർമാരുടേയും സേവനം ഉപയോഗപ്പെടുത്തും. ഇത്തവണ 5 ദിവസത്തെ അവധിക്കാല അധ്യാപക പരിശീലനമാണുള്ളത്. മെയ് 13 മുതൽ 17 വരെ ഡി.ആർ.ജി. പരിശീലനവും മെയ് 19 മുതൽ 23 വരെ ഒറ്റ സ്പെല്ലായി അധ്യാപക പരിശീലനവും നടത്തും. അധ്യാപക പ്രമോഷനും അന്തർജില്ലാ സ്ഥലമാറ്റവും ജില്ലയ്ക്ക് അകത്തുള്ള സ്ഥലമാറ്റവും ഉൾപ്പെടെ സ്കൂൾ തുറക്കുന്നതിനു മുൻപ് നടത്തും. സ്കൂൾ തുറക്കുമ്പോൾ കുട്ടികൾക്ക് പാഠപുസ്തകം ഒഴികെയുള്ള പഠനോപകരണങ്ങൾ സ്കൂളിലെ സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുമെന്നും മന്ത്രി പറഞ്ഞു.

**എൻ.എസ്.എസ്. മാനേജ്മെന്റ് കോടതി വിധി**

എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണ നിയമനം സംബന്ധിച്ച റിട്ട് അപ്പീൽ നം.1602/2022 ന്റെയും അനുബന്ധ കേസുകളുടെയും 2023 മാർച്ച് 13 ലെ വിധിന്യായത്തിന്റെ അവസാന ഖണ്ഡികയിലെ നിർദേശം നമ്പർ 4 പ്രകാരം ഭിന്നശേഷി സംവരണം പൂർണ്ണമായും പാലിക്കപ്പെടുന്നത് വരെയും 2021 നവംബർ 8 നു ശേഷമുണ്ടാകുന്ന ഒഴിവുകളിൽ ദിവസവേതന നിയമനം മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഈ സ്ഥിതിയാണ് സംസ്ഥാനത്ത് ഒട്ടാകെ നിലനിൽക്കുന്നത്. എന്നാൽ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട നിയമനങ്ങൾ സംബന്ധിച്ച് നായർ സർവ്വീസ് സൊസൈറ്റി മാനേജ്മെന്റ് സുപ്രീം കോടതിയിൽ ടഘജ(ഇ) നമ്പർ 11373/2024 ഫയൽ ചെയ്യുകയും ആയതിലുള്ള വിധിന്യായം കോടതി 2025 മാർച്ച് 4 ൽ പുറപ്പെടുവിക്കുകയും ചെയ്തു. ഭിന്നശേഷിക്കാരുടെ നിയമനത്തിനായി നീക്കി വെച്ചിരിക്കുന്ന ഒഴിവുകൾ ഒഴികെ, മറ്റുള്ള ഒഴിവുകളിൽ നിയമനം നടത്തുവാനും അത്തരം നിയമനങ്ങൾ ക്രമീകരിക്കുവാനുമാണ് വിധിന്യായത്തിൽ കോടതി നിർദേശിച്ചിരിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിലാണ് സ.ഉ(കൈ) 2025 മാർച്ച് 17 ലെ സർക്കാർ ഉത്തരവ് പ്രകാരം നായർ സർവ്വീസ് സൊസൈറ്റി മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളുകളിൽ നിയമിച്ച ജീവനക്കാരുടെ നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ റഗുലർ ശമ്പള സ്കെയിലിൽ അംഗീകരിക്കുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്.

നായർ സർവ്വീസ് സൊസൈറ്റി മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളിലെ ജീവനക്കാരുടെ നിയമനം അംഗീകരിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് സമാന യോഗ്യതയുള്ള മറ്റ് മാനേജ്മെന്റിലെ സ്കൂളിലെ ജീവനക്കാർക്ക് കൂടി സാധ്യമാക്കി പരിഷ്കരിക്കണമെന്ന് പൊതുഅഭിപ്രായം എല്ലാ മാനേജ്മെന്റുകളിൽ നിന്നും ഉയർന്നിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ നിയമോപദേശം തേടിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

## ക്ഷേമ പെൻഷൻ അനർഹമായി കൈപ്പറ്റിയവരുടെ സസ്പെൻഷൻ പിൻവലിച്ചു

തിരുവനന്തപുരം: ക്ഷേമ പെൻഷൻ അനർഹമായി കൈപ്പറ്റിയ ജീവനക്കാരുടെ സസ്പെൻഷൻ പിൻവലിച്ചു. റവന്യൂ വകുപ്പിലെ 16 ജീവനക്കാരുടെ സസ്പെൻഷനാണ് പിൻവലിച്ചത്.കൈപ്പറ്റിയ തുകയും 18 ശതമാനം പലിശയും ഉൾപ്പെടെ തിരികെ അടച്ചതോടെയാണ് ഇവരുടെ സസ്പെൻഷൻ പിൻവലിച്ചത്. റവന്യു വകുപ്പിൽ നിന്ന് ഇതു സംബന്ധിച്ച ഉത്തരവും ഇറങ്ങി.2024 ഡിസംബർ 26 നാണ് അനർഹമായി സുരക്ഷാ പെൻഷൻ കൈപ്പറ്റിയ റവന്യു വകുപ്പിലേയും സർവേ ഭൂരേഖ വകുപ്പിലേയും 38 ജീവനക്കാരെ സസ്പെൻഡ ചെയ്തത്. ഇവരിൽ 22 പേർ സസ്പെൻഷനിൽ തുടരുകയാണ്.ക്ഷേമപെൻഷൻ അനർഹമായി കൈപ്പറ്റിയ 38 ജീവനക്കാരെ സസ്പെൻഡ് ചെയ്തത്. ഇവരിൽ 22 പേർ സസ്പെൻഷനിൽ തുടരുകയാണ്.

## നാവിക വെടിനിർത്തലിനു സമ്മതിച്ച് റഷ്യയും യുക്രെയ്നും

റിയാദ്:കരിങ്കടലിൽ യുദ്ധം നിർത്തിവയ്ക്കാൻ റഷ്യയും യുക്രെയ്നും സമ്മതിച്ചു. സൗദിയിൽ അമേരിക്ക ഇവരുമായി വെവ്വേറെ നടത്തിയ ചർച്ചയിലാണു ധാരണയുണ്ടായത്. ഊർജസംവിധാനങ്ങളെ ലക്ഷ്യമിട്ടുള്ള ആക്രമണങ്ങൾ നിർത്തിവയ്ക്കാൻ മുന്പുണ്ടാക്കിയ ധാരണ നടപ്പാക്കാൻ തയാറാണെന്നും റഷ്യയും യുക്രെയ്നും അറിയിച്ചു. റഷ്യയിൽനിന്നും യുക്രെയ്നിൽനിന്നുമുള്ള ഭക്ഷ്യോത്പന്ന കയറ്റുമതി സുഗമമാക്കാൻ വേണ്ടിയാണു കരിങ്കടലിൽ നാവിക വെടിനിർത്തലുണ്ടാക്കുന്നത്. ഇരു രാജ്യങ്ങളും വൻ തോതിൽ ധാന്യകയറ്റുമതി നടത്തുന്നവരാണ്. ചരക്കുകപ്പലുകളെ ആക്രമിക്കാതിരിക്കാൻ 2022 മധ്യത്തിൽ തുർക്കിയുടെ മധ്യസ്ഥതയിൽ കരാറുണ്ടായിരുന്നതാണെങ്കിലും റഷ്യ പിന്നീട് ഇതിൽനിന്നു പിന്മാറുകയായിരുന്നു. അമേരിക്കയാണു നാവിക വെടിനിർത്തൽ സംബന്ധിച്ച തീരുമാനം പ്രഖ്യാപിച്ചത്. എന്നു നിലവിൽ വരുമെന്നു വ്യക്തമാക്കിയില്ല. തങ്ങളുടെ ഭക്ഷ്യ, രാസവളം വ്യവസായമേഖലയ്ക്കെതിരേ പാശ്ചാത്യ ശക്തികൾ ഏർപ്പെടുത്തിയിരിക്കുന്ന ഉപരോധങ്ങൾ പിൻവലിച്ചാതെ വെടിനിർത്തൽ നടപ്പാക്കാൻ തയാറാകൂ എന്ന് റഷ്യ അറിയിച്ചിട്ടുണ്ട്. ഇക്കാര്യം പരിഗണനയിലുള്ളതായി യുഎസ് പ്രസിഡൻറ് ട്രംപ് അറിയിച്ചു. നാവിക വെടിനിർത്തൽ നടപ്പാകുമോ എന്നതിൽ യുക്രെയ്ൻ പ്രസിഡൻറ് സെലൻസ്കി സംശയം പ്രകടിപ്പിച്ചെങ്കിലും ഇതു ശരിയായ ദിശയിലേക്കുള്ള ചുവടുവയ്പാണെന്ന് അഭിപ്രായപ്പെട്ടു.

## വിവാഹവാഗ്ദാനം നൽകി പിഎച്ച്ഡി വിദ്യാർഥിനിയെ പീഡിപ്പിച്ചയാൾക്കെതിരെ കേസ്

ലക്നോ: വിവാഹ വാഗ്ദാനം നൽകി എഞ്ചിനീയറിംഗ് സ്ഥാപനത്തിലെ പിഎച്ച്ഡി വിദ്യാർഥിനിയെ പീഡിപ്പിച്ചയാൾക്കെതിരെ കേസ്. മധ്യപ്രദേശിലെ ജബൽപൂരിലാണ് എഫ്ഐആർ ആദ്യം രജിസ്റ്റർ ചെയ്തത്. പിന്നീട് കേസ് ഇങ്ങോട്ട് മാറ്റിയെന്ന് പിജിഐ പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസർ (എസ്എച്ച്ഒ) പറഞ്ഞു.

ജബൽപൂർ സ്വദേശിയായ പെൺകുട്ടി, 2023 ൽ വിവാഹവാഗ്ദാനം നൽകി അഭിനവ് ശ്രീവാസ്തവ് പലതവണ പീഡിപ്പിച്ചതായി ആരോപിക്കുന്നു. പിജിഐ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള ഒരു ഹോട്ടലിലാണ് സംഭവം.

വിഷയത്തിൽ പ്രാഥമിക അന്വേഷണം ആരംഭിച്ചിട്ടുണ്ടെന്നും പ്രതിയെ ഉടൻ അറസ്റ്റ് ചെയ്യുമെന്നും എസ്എച്ച്ഒ പറഞ്ഞു.

## സ്പോർട്സ് അക്കാദമികളിലേക്ക് സോണൽ സെലക്ഷൻ

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന സ്പോർട്സ് അക്കാദമികളിലേക്ക് 2025-26 അധ്യയന വർഷത്തേക്കുള്ള സോണൽ സെലക്ഷൻ ഏപ്രിൽ 7 മുതൽ മെയ് 2 വരെ നടക്കും. 2025-26 അധ്യയന വർഷത്തെ 7, 8 ക്ലാസുകളിലേക്കും പ്ലസ് വൺ, കോളേജ്, ഡിഗ്രി (ഒന്നാം വർഷം) തലങ്ങളിലേക്കും അണ്ടർ 14 വിമൺ ഫുട്ബോൾ അക്കാദമിയിലേക്കുമാണ് കായിക താരങ്ങളെ തിരഞ്ഞെടുക്കുന്നത്. സ്വിമ്മിങ്, ബോക്സിങ്, ജൂഡോ, ഫെൻസിങ്, ആർച്ചറി, റസ്‌ലിങ് തയ്ക്വോണ്ടോ, സൈക്ലിങ്, നെറ്റ് ബോൾ, കബഡി, ഖോ-ഖോ, ഹോക്കി, ഹാൻഡ് ബോൾ (കോളേജ് തലത്തിൽ സോഫ്റ്റ് ബോളും വെയിറ്റ് ലിഫ്റ്റിങ്ങും മാത്രം), കനോയിങ് ആന്റ് കയാക്കിങ്, റോവിങ് എന്നീ ഇനങ്ങളിലേക്ക് നേരിട്ടാണ് സോണൽ സെലക്ഷൻ നടത്തേണ്ടത്. അത്‌ലറ്റിക്, ഫുട്ബോൾ, വോളിബോൾ, ബാസ്കറ്റ് ബോൾ എന്നീയിനങ്ങളിൽ ജില്ലാതല സെലക്ഷനിൽ യോഗ്യത നേടിയവർക്ക് മാത്രമേ സോണൽ സെലക്ഷനിൽ പങ്കെടുക്കാനാകൂ.

ഏപ്രിൽ 7 ന് സ്കൂൾ, പ്ലസ് വൺ, അണ്ടർ 14 വിഭാഗങ്ങളിലേക്കും ഏപ്രിൽ 8 ന് കോളേജ് തലത്തിലേക്കും കണ്ണൂർ ധർമശാല കെ എ പി ഗ്രൗണ്ടിൽ അത്‌ലറ്റിക്, ബാസ്കറ്റ് ബോൾ, ഫുട്ബോൾ, റസ്‌ലിങ്, വോളിബോൾ, തയ്ക്വോണ്ടോ, ഫെൻസിങ്, കബഡി ഇനങ്ങളിൽ സോണൽ സെലക്ഷൻ നടക്കും. ഏപ്രിൽ 9 ന് സ്കൂൾ, പ്ലസ് വൺ, അണ്ടർ 14, കോളേജ് തലങ്ങളിലേക്ക് വയനാട് കൽപറ്റയിലെ എം കെ ജിനചന്ദ്ര സ്റ്റേഡിയത്തിൽ അത്‌ലറ്റിക് , ബാസ്കറ്റ് ബോൾ, ഫുട്ബോൾ, റസ്‌ലിങ്, വോളിബോൾ, ഫെൻസിങ്, ആർച്ചറി, കബഡി വിഭാഗങ്ങളിൽ സോണൽ സെലക്ഷൻ സംഘടിപ്പിക്കും.

ഏപ്രിൽ 11 ന് സ്കൂൾ, പ്ലസ് വൺ, അണ്ടർ 14 തലങ്ങളിലേക്കും ഏപ്രിൽ 12 ന് കോളേജ് തലത്തിലേക്കും കോഴിക്കോട് തേഞ്ഞിപ്പാലത്തെ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ അത്‌ലറ്റിക്, ബാസ്കറ്റ്ബോൾ, ഫുട്ബോൾ, റസ്‌ലിങ്, നെറ്റ് ബോൾ, ഖോ-ഖോ, ബോക്സിങ്, സ്വിമ്മിങ് ഹാൻഡ് ബോൾ, വെയ്റ്റ് ലിഫ്റ്റിങ്, ഹോക്കി, ജൂഡോ, ആർച്ചറി ഇനങ്ങളിൽ സെലക്ഷൻ നടക്കും.

ഏപ്രിൽ 21 ന് സ്കൂൾ, പ്ലസ് വൺ, അണ്ടർ 14 വിഭാഗങ്ങളിലേക്കും ഏപ്രിൽ 22 ന് കോളേജ് തലത്തിലേക്കും തൃശൂർ കോർപ്പറേഷൻ സ്റ്റേഡിയത്തിൽ അത്‌ലറ്റിക്സ്, ബാസ്കറ്റ് ബോൾ, ഫുട്ബോൾ, വോളിബോൾ, ജൂഡോ, സോഫ്റ്റ് ബോൾ, സൈക്ലിങ്, സ്വിമ്മിങ്, കബഡി, ഖോ-ഖോ, വെയ്റ്റ് ലിഫ്റ്റിങ്, ആർച്ചറി, ഫെൻസിങ് ഇനങ്ങളിൽ തെരെഞ്ഞെടുപ്പ് നടക്കും. ഏപ്രിൽ 23 ന് സ്കൂൾ, പ്ലസ് വൺ, അണ്ടർ 14 വിഭാഗങ്ങളിലേക്കും ഏപ്രിൽ 24 ന് കോളേജ് തലത്തിലേക്കും കോട്ടയം ചങ്ങനാശ്ശേരി എസ്ബി കോളേജിൽ അത്‌ലറ്റിക്, ബാസ്കറ്റ് ബോൾ, ഫുട്ബോൾ, വോളിബോൾ, ബോക്സിങ്, ജൂഡോ, റസ്‌ലിങ്, ആർച്ചറി, നെറ്റ് ബോൾ, സോഫ്റ്റ് ബോൾ, വെയിറ്റ് ലിഫ്റ്റിങ് ഇനങ്ങളിൽ സെലക്ഷൻ നടക്കും.

ഏപ്രിൽ 26 ന് സ്കൂൾ, പ്ലസ് വൺ, അണ്ടർ 14 വിഭാഗങ്ങളിലേക്കും ഏപ്രിൽ 27 ന് കോളേജ് തലത്തിലേക്കും തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ അത്‌ലറ്റിക്, ബാസ്കറ്റ് ബോൾ, ഫുട്ബോൾ, വോളിബോൾ, ബോക്സിങ്, റസ്‌ലിങ്, നെറ്റ് ബോൾ, ഫെൻസിങ്, തയ്ക്വോണ്ടോ, സൈക്ലിങ്, ഹോക്കി, കബഡി, ഹോൻഡ് ബോൾ, സ്വിമ്മിങ്, ഖോ-ഖോ ഇനങ്ങളിൽ സെലക്ഷൻ നടക്കും. ഏപ്രിൽ 9 ന് സ്കൂൾ, പ്ലസ് വൺ, കോളേജ് വിഭാഗങ്ങളിൽ ആലപ്പുഴയിൽ വച്ച് റോവിങ്, കനോയിങ് ആന്റ് കയാക്കിങ് ഇനങ്ങളിൽ സോണൽ സെലക്ഷൻ നടക്കും.

## തൊഴിലിടങ്ങളിലെ മികവിനുള്ള മുഖ്യമന്ത്രിയുടെ എക്സലൻസ് അവാർഡ് പ്രഖ്യാപിച്ചു

തൊഴിലാളി, തൊഴിലുടമ ബന്ധം കൂടുതൽ മെച്ചപ്പെട്ടതാക്കുന്നതിനൊപ്പം തൊഴിൽ സംരംഭക രംഗത്ത് ആരോഗ്യകരമായ മത്സരം ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ട് തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നൽകുന്ന മുഖ്യമന്ത്രിയുടെ എക്സലൻസ് അവാർഡുകൾ പ്രഖ്യാപിച്ചു.

സെക്രട്ടറിയേറ്റിൽ നടന്ന വാർത്താ സമ്മേളനത്തിൽ മന്ത്രി വി ശിവൻ കുട്ടിയാണ് അവാർഡ് പ്രഖ്യാപനം നടത്തിയത്.

നിർമ്മാണ മേഖലയിൽ ടാറ്റ പ്രൊജക്ട് ലിമിറ്റഡ്, തിരുവനന്തപുരവും ധനകാര്യ മേഖലയിൽ

അർത്ഥ ഫൈനാൻഷ്യൽ സർവീസസ്, കോഴിക്കോടും ഹോസ്പിറ്റൽ മേഖലയിൽ കിംസ് ഹെൽത്ത് കെയർ മാനേജ്മെമെന്റ് ലിമിറ്റഡ്, തിരുവനന്തപുരവും ഹോട്ടൽ മേഖലയിൽ ഹോട്ടൽ അബാദ്, എറണാകുളവും ഇൻഷുറൻസ് മേഖലയിൽ സ്റ്റാർ ഹെൽത്ത് ആന്റ് അലൈഡ് ഇൻഷൂറൻസ് കമ്പനി ലിമിറ്റഡ് തിരുവനന്തപുരവും ഐ.ടി. മേഖലയിൽ എസ് ബി സോൾ ഡിജിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് എറണാകുളവും ജുവലറി മേഖലയിൽ ആലുക്കാസ് ജുവലറി കോഴിക്കോടും മെഡിക്കൽ ലാബ്, എക്സ്റേ, സ്കാനിംഗ് സെന്റർ മേഖലയിൽ ഡോകൂർ ഗിരിജാസ് ഡയഗ്നോസ്റ്റിക് ലാബ് ആന്റ് സ്കാൻസ് ലിമിറ്റഡ് തിരുവനന്തപുരവും സെക്യൂരിറ്റി മേഖലയിൽ കേരള എക്സ് സർവ്വീസ് മെൻ വെൽഫെയർ അസോസിയേഷൻ എറണാകുളവും സ്റ്റാർ ഹോട്ടലുകൾ റിസോർട്ടുകൾ വിഭാഗത്തിൽ ക്രൗൺ പ്ലാസ എറണാകുളവും സൂപ്പർ മാർക്കറ്റ് വിഭാഗത്തിൽ ആഷിസ് സൂപ്പർ മെർകാട്ടോ എറണാകുളവും ടെക്സ്റ്റയിൽ മേഖലയിൽ ഇടപ്പറമ്പിൽ ടെക്സ്റ്റയിൽസ് കോട്ടയവും അവാർഡിനർഹരായി.

വിജയികൾക്കുള്ള പുരസ്കാരങ്ങൾ 2025 മാർച്ച് 29 ന് രാവിലെ 11 മണിക്ക് തിരുവനന്തപുരം ഹയാത്ത് റീജൻസിയിൽ നടക്കുന്ന ചടങ്ങിൽ തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി വി തരണം ചെയ്യും. ആന്റണി രാജു എം എൽ എ അദ്ധ്യക്ഷത വഹിക്കും.

രാജ്യത്ത് ആദ്യമായാണ് ഒരു സംസ്ഥാനം ഇത്തരത്തിൽ അവാർഡുകൾ ഏർപ്പെടുത്തുന്നത്. സംസ്ഥാനത്തെ സ്വകാര്യമേഖലയിലെ മികച്ച സ്ഥാപനങ്ങൾക്ക് ചീഫ് മിനിസ്റ്റേഴ്സ് എക്സലൻസ് അവാർഡാണ് തൊഴിൽ വകുപ്പ് നൽകി വരുന്നത്. മികച്ച തൊഴിൽ ദാതാവ്, സംതൃപ്തരായ തൊഴിലാളികൾ, മികവുറ്റ തൊഴിൽ അന്തരീക്ഷം, തൊഴിൽ നൈപുണ്യ വികസന പങ്കാളിത്തം, സ്ത്രീ സൗഹൃദം, തൊഴിലാളികളുടെ ക്ഷേമം, തൊഴിലിടത്തിലെ സുരക്ഷ, തൊഴിൽ നിയമങ്ങളുടെ പാലനം എന്നിങ്ങിനെ വിവിധ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയിട്ടാണ് വിജയികളെ കണ്ടെത്തുക. ഓൺലൈനായി ലഭിക്കുന്ന അപേക്ഷകളിൽ എ എൽ ഒ മാരുടെ നേരിട്ടുള്ള സ്ഥലപരിശോധനയടക്കം ജില്ലാതല സംസ്ഥാന കമ്മിറ്റികളുടെ വിവിധ തലങ്ങളിലുള്ള സൂക്ഷ്മപരിശോധനകളുടെ അടിസ്ഥാനത്തിലാണ് വിജയികളെ കണ്ടെത്തുക.

ഓട്ടോമൊബൈൽ, നിർമ്മാണം, ഫിനാൻസ്, ആശുപത്രി, ഹോട്ടൽ & റസ്റ്റോറന്റ്, ഇൻഷുറൻസ്, ഐ.റ്റി, ജുവല്ലറി, സെക്യൂരിറ്റി സ്ഥാപനങ്ങൾ, മെഡിക്കൽ ലാബ്, സ്റ്റാർ ഹോട്ടൽ & റിസോർട്ട്, സൂപ്പർ മാർക്കറ്റുകൾ, ടെക്സ്റ്റൈൽ ഷോപ്പുകൾ എന്നിങ്ങനെ 13 മേഖലകളിലെ മികച്ച സ്ഥാപനങ്ങൾക്കാണ് ഇത്തവണ മുഖ്യമന്ത്രിയുടെ എക്സലൻസ് അവാർഡ് ലഭിച്ചത്. ആകെ രണ്ടായിരത്തി നാന്നൂറ്റി എഴുപത്തിരണ്ട് (2,472) അപേക്ഷകൾ ലഭിച്ചതായും മന്ത്രി അറിയിച്ചു.

## ബന്ദികളെ മോചിപ്പിച്ചില്ലെങ്കിൽ ഭൂമി പിടിച്ചെടുക്കും: നെതന്യാഹു

ടെൽ അവീവ്:ബന്ദിമോചനത്തിനു ഹമാസ് തയാറായില്ലെങ്കിൽ ഗാസാഭൂമി പിടിച്ചെടുക്കുമെന്ന ഭീഷണി ഇസ്രേലി പ്രധാനമന്ത്രി നെതന്യാഹു ആവർത്തിച്ചു.ബന്ദികളെ മോചിപ്പിക്കാൻ ഹമാസ് മടിക്കുന്നതിനനുസരിച്ച് ഇസ്രയേലിന്റെ അടിച്ചമർത്തലിനു ശക്തി കൂടുമെന്നും അദ്ദേഹം പാർലമെൻറിൽ പറഞ്ഞു.

ഇതിനിടെ, ഇസ്രേസിലേസേന ഗാസയിൽ നടത്തുന്ന ബോംബാക്രമണങ്ങളിൽ ബന്ദികൾ കൊല്ലപ്പെടാമെന്നു ഹമാസ് മുന്നറിയിപ്പു നല്കി. ബന്ദികളുടെ ജീവൻ സംരക്ഷിക്കാൻ പറ്റാവുന്നതൊക്കെ ചെയ്യുന്നുണ്ട്.പക്ഷേ, തോന്നുംപടിയുള്ള വ്യോമാക്രമണങ്ങളിൽ ബന്ദികൾ കൊല്ലപ്പെടാൻ സാധ്യതയുണ്ട്. ബലപ്രയോഗത്തിലൂടെ മോചനത്തിനു ശ്രമിച്ചപ്പോഴെക്കെ ബന്ദികൾ ശവപ്പെട്ടികളിലാണു തിരിച്ചെത്തിയിട്ടുള്ളതെന്നും ഹമാസ് കൂട്ടിച്ചേർത്തു.

## വെടിക്കെട്ട് ബാറ്റിംഗുമായി ഡി കോക്ക്; രാജസ്ഥാനെതിരെ കോൽക്കത്തയ്ക്ക് തകർപ്പൻ ജയം

ഗോഹട്ടി: ഐപിഎല്ലിൽ രാജസ്ഥാൻ റോയൽസിനെതിരെ കോൽക്കത്ത നൈറ്റ് റൈഡേഴ്സിന് തകർപ്പൻ ജയം. എട്ട് വിക്കറ്റിനാണ് കോൽക്കത്ത വിജയിച്ചത്.

152 റൺസ് വിജയലക്ഷ്യം പിന്തുടർന്ന കോൽക്കത്ത ഓപ്പണർ ക്വിൻറൺ ഡി കോക്കിൻറെ അപരാജിത അർധസെഞ്ചുറി മികവിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യത്തിലെത്തി. 61 പന്തിൽ 97 റൺസുമായി പുറത്താകാതെ നിന്ന ക്വിൻറൺ ഡി കോക്കാണ് കോൽക്കത്തയുടെ ജയം അനായാസമാക്കിയത്.

22 റൺസുമായി അംഗ്രിഷ് രഘുവംശി ഡി കോക്കിനൊപ്പം വിജയത്തിൽ കൂട്ടായി. രണ്ട് കളികളിൽ രാജസ്ഥാൻറെ രണ്ടാം തോൽവിയും കോൽക്കത്തയുടെ ആദ്യ ജയവുമാണിത്.

തോൽവിയോടെ പോയൻറ് പട്ടികയിൽ അവസാന സ്ഥാനത്തു രാജസ്ഥാൻ തുടരുമ്പോൾ ജയത്തോടെ കോൽക്കത്ത ആറാം സ്ഥാനത്തേക്ക് കയറി.

സ്കോർ രാജസ്ഥാൻ റോയൽസ് 20 ഓവറിൽ 151-9, കോൽക്കത്ത നൈറ്റ് റൈഡേഴ്സ് 17.3 ഓവറിൽ 153-2.

## കരാർ നിയമനം

കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫെയർ സൊസൈറ്റിയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ തസ്തികയിൽ തിരുവനന്തപുരം, കോട്ടയം, കണ്ണൂർ റീജിയണുകളിലേക്കും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ (ഇലക്ട്രിക്കൽ) തസ്തികയിൽ കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക്: www.khrws.kerala.gov.in.